# ഫോക്കസ് ഏരിയ
# കേരളപാഠാവലി
# പഠനക്കുറിപ്പുകൾ

## Unit:1
## 'കാലാതീതം കാവ്യവിസ്മയം'
## Chapter:1
## 'ലക്ഷ്മണസാന്ത്വനം'

1 .'വത്സ സൗമിത്രേ !'എന്ന സംബോധനയിൽ തെളിയുന്ന ഭാവം എന്ത് ?
ശ്രീരാമൻ ലക്ഷ്മണനെ അങ്ങനെ സംബോധന ചെയ്യുന്നതിന്റെ കാരണങ്ങൾ എന്തൊക്കെയായിരിക്കും?

വത്സാ ,സൗമിത്രേ ,കുമാരാ നീ
മത്സരം വെടിഞ്ഞ് എന്റെ വാക്കുകൾ കേൾക്കുക എന്ന ശ്രീരാമവാക്യം തന്നെ ലക്ഷ്മണസാന്ത്വനമാണ് .'വത്സാ' എന്ന
വാത്സല്യം തുളുമ്പുന്ന വിളി, സുമിത്രയെപ്പോലെ ബഹുമാന്യയായ ഒരു അമ്മയുടെ മകനാണ് നീ
എന്ന ധ്വനി ,നീ കുമാരനാകയാൽ ഇത്തിരി എടുത്തുചാട്ടമുണ്ടെന്ന ജ്യേഷ്ഠവാത്സല്യം എല്ലാം ഈ സംബോധനയിൽകാണാം.ശ്രീരാമന്റെ അതിയായ സ്നേഹവും വാത്സല്യവും ഈ വരികളിൽ കാണാം .ആദ്യം ലക്ഷ്മണനെ അംഗീകരിക്കുന്നു.പിന്നീട് ഉപദേശിക്കുന്നു.ശാന്തനാക്കിയ ശേഷം മാത്രം കാര്യങ്ങൾ
അവതരിപ്പിക്കുന്നു.ലക്ഷ്മണന് തന്നോടുള്ള സ്നേഹം തനിക്കറിയാമെന്ന് ബോധ്യപ്പെടുത്തുന്നു
.പ്രകോപിതനായി നിൽക്കുന്ന ആളെ
ശാന്തനാക്കുന്ന തന്ത്രപരമായ സമീപനമാണ് ശ്രീരാമൻ സ്വീകരിച്ചത് .ശ്രീരാമന്റെ വിനയവും
ഈ വാക്കുകളിൽ കാണാം.

2 .ലക്ഷ്മണന്റെ കോപം നിഷ് ഫലമാണെന്ന് ശ്രീരാമൻ പറയുന്നതിന്റെ യുക്തികൾ എന്തെല്ലാം?

രാജ്യം,ദേഹം,ലോകം,ധനം,ധാന്യം,മുതലായ ഈ കാണുന്നവയെല്ലാം ശാശ്വതമല്ല .അതിനാൽ
നിന്റെ പ്രയത്നം നിഷ് ഫലമാണ് .സുഖഭോഗങ്ങളും
ആയുസ്സും മിന്നലിന്റെ പ്രഭപോലെ
നിമിഷനേരംകൊണ്ട് ഇല്ലാതാകുന്നതാണ് .

3 .മനുഷ്യ ജന്മത്തിന്റെ ക്ഷണഭംഗുരതയെ
ശ്രീരാമൻ ബോധ്യപ്പെടുത്തുന്നതെങ്ങനെ?

ആയുസ്സ് മിന്നലിന്റെ പ്രഭപോലെ

നിമിഷനേരംകൊണ്ട് ഇല്ലാതാകുന്നതാണ്
.മനുഷ്യ ജന്മം ക്ഷണികമാണ് . തീയിൽ
ചുട്ടുപഴുത്ത ലോഹത്തിൽ പതിച്ച ജലബിന്ദു ക്ഷണനേരത്താൽ
ഇല്ലാതാകുന്നതുപോലെ മനുഷ്യ
ജന്മം ക്ഷണികമാണ്.

4.മനുഷ്യലോകം സുഖഭോഗങ്ങളുടെ പിന്നാലെ ചഞ്ചലമനസ്കരായ്
പായുന്നതിന്റെ അനൗചിത്യം
കവി വ്യക്തമാക്കുന്നതെങ്ങനെ?
OR
" ചക്ഷു:ശ്രവണഗളസ്ഥമാം ദർദുരം
ഭക്ഷണത്തിന്നപേക്ഷിയ്ക്കുന്നതുപോലെ
കാലാഹിനാ പരിഗ്രസ്തമാം ലോകവു-
മാലോല ചേതസാ ഭോഗങ്ങൾ തേടുന്നു".

ഈ വരികളിലെ ആശയം വിശദമാക്കുക

പാമ്പിന്റെ വായിലിരയായി വീണ തവള
ആഹാരത്തിന് ശ്രമിക്കുന്നതുപോലെ കാലമാകുന്ന സർപ്പത്താൽ വിഴുങ്ങപ്പെട്ട
മനുഷ്യൻ ചഞ്ചലമനസ്കരായി സുഖങ്ങൾക്ക് പിന്നാലെ
പായുകയാണ്.മരണം മുന്നിലുള്ളപ്പോഴും
ജീവിതത്തോടുള്ള ആസക്തി
അവസാനിക്കുന്നില്ല.പാമ്പ് വളരെ പതുക്കെ വിഴുങ്ങുന്നതുകൊണ്ട് തവള അത്
അറിയുന്നില്ല.കാലമാകുന്ന പാമ്പ് മനുഷ്യരെ വിഴുങ്ങിയിരിക്കുന്നു. .കാലം ഭയം
ജനിപ്പിക്കുന്നു.ചിലപ്പോൾ ചടുലമായും ചിലപ്പോൾ മന്ദമായും
ചലിക്കുന്നതായി തോന്നാം .കാലത്തെ പാമ്പായി അവതരിപ്പിച്ചതിന്റെ യുക്തി
ഇതാണ് .

5.കുടുംബത്തിലെ ഒത്തുചേരൽ ചഞ്ചലമാണ് എന്ന് കവി
അവതരിപ്പിക്കുന്നതെങ്ങനെ ?

പുത്രൻ ,സുഹൃത്ത് ,ധനം ,ഭാര്യ എന്നിവ
ഒരിക്കലും സ്ഥിരമായി ഉണ്ടാവണമെന്നില്ല.വഴിയാത്രക്കാർ വഴിയമ്പലത്തിൽ
ഒത്തുചേർന്നു
അല്പകാലം കഴിഞ്ഞു വേർപിരിയുന്നതു
പോലെയാണ് ഇവയുടെ കൂടിച്ചേരൽ .അവ അല്പകാലസ്ഥിതമാണ് .നദിയിലൂടെ
ഒഴുകുന്ന
തടിക്കഷണം നദിയുടെ വേഗതയും
കാലാവസ്ഥയുമനുസരിച്ചു തീരത്തടിയുകയും പിന്നെയുമൊഴുകുകയും
പിന്നെയും
എവിടെയൊക്കെയോ എങ്ങനെയൊക്കെയോ
ആയി മാറുകയും ചെയ്യുന്നതുപോലെ ഒരു സഞ്ചാരമാണീ ജീവിതം
.ഭവനത്തിലെ ജീവിതവും ,ഐശ്വര്യവും ,യൗവ്വനവും,കളത്രസുഖവും(ഭാര്യയോ
ടൊത്തുള്ള ജീവിതം ) ഒക്കെ
സ്വപ്നസമാനമാണ് .

6.ദേഹം നിമിത്തം മഹാമോഹം നന്നല്ല എന്ന്
ശ്രീരാമൻ ലക്ഷ്മണനെ ബോധ്യപ്പെടുത്തുന്നത്
എങ്ങനെ?

ശരീരചിന്തകൊണ്ട് അഹംഭാവിയായ
ചിലർ ബ്രാഹ്മണനെന്നും രാജാവെന്നും
ശ്രേഷ്ഠനെന്നും ചിന്തിക്കുമ്പോൾ ആ ശരീരം
ജന്തുക്കൾ ഭക്ഷിച്ചും അഗ്നിയിൽ ചാരമായും
കൃമികളായും പോകുന്നു.അതുകൊണ്ട് ദേഹം
നിമിത്തം മഹാമോഹം നന്നല്ല .ഈ ശരീരത്തെ
വെറുതെ സ്നേഹിക്കുന്നതെന്തിന്?ഭൂമി,ജലം,അഗ്നി,വായു,
ആകാശം എന്നിവയാൽ നിർമ്മിതമായ
ശരീരം ത്വക്ക്,മാംസം ,രക്തം,അസ്ഥി ,
മൂത്രം,രേതസ്സ് എന്നിവ സമ്മേളിക്കുന്ന ഒരിടം
മാത്രമാണ്.അത് നശിച്ച് പോവാനുള്ളതുമാണ്
.പഞ്ചഭൂതങ്ങളാൽ നിർമ്മിച്ച ആ ശരീരംകൊണ്ട്
ആരും ഒന്നും നേടുന്നില്ല.അത് വികാരം
ജനിപ്പിക്കുന്നതും പരിണാമിയുമാണ് .

7 .വിദ്യയും അവിദ്യയും തമ്മിലുള്ള വ്യത്യാസം
എന്ത് ?

ലോകത്തെ ചുട്ടുകരിക്കാം എന്ന ചിന്തക്ക്
കാരണം അറിവില്ലായ്മയാണ്.ദേഹമാണ് താൻ
എന്ന ചിന്ത ജനിപ്പിക്കുന്ന അവിദ്യ
മോഹമാതാവും വിദ്യ മോഹത്തെ
ഇല്ലാതാക്കുന്നതുമാണ് .ആത്മാവാണ് നിത്യം
എന്ന ചിന്ത വിദ്യയാണ് .ജീവിത ദുരിതങ്ങൾക്ക്
കാരണം അവിദ്യയും ജീവിത ദുഃഖങ്ങളെ
ഇല്ലാതാക്കുന്നത് വിദ്യയുമാണ്.അത്
തിരിച്ചറിയാലാണ്;മനസ്സിലാക്കലാണ്
വിദ്യാഭ്യാസം.അതുകൊണ്ട് മോക്ഷം
ആഗ്രഹിക്കുന്നയാൾ ഏകാന്തമായ മനസ്സോടെ
വിദ്യ അഭ്യസിക്കണം.

8 അറിവുള്ളവർ ക്രോധം പരിത്യജിക്കണം എന്ന്
പറയുന്നതിന്റെ യുക്തികൾ എന്തെല്ലാം?

കാമം,ക്രോധം,മോഹം,ലോഭം,മദം
,മാത്സര്യം എന്നിവ മനുഷ്യന്റെ ശത്രുക്കളും
മുക്തിക്ക്
വിഘ്നം വരുത്തുന്നവയുമാണ് .ഇതിൽ
ക്രോധമാണ് ഭയങ്കരം.ക്രോധത്താൽ
മാതാപിതാക്കളെയും സഹോദരങ്ങളെയും
മിത്രങ്ങളെയും നിഗ്രഹിക്കുന്നു .അത്
മനസ്താപത്തിന് കാരണമാകുന്നു.ജീവിതത്തെ
ബന്ധനത്തിലാക്കുന്നു .ധർമ്മത്തെ നശിപ്പിക്കുന്നു
.അതുകൊണ്ട് ബുദ്ധിയുള്ളവർ ക്രോധത്തെ
ഉപേക്ഷിക്കുന്നു.

---

## **'കാലാതീതം കാവ്യവിസ്മയം'**

## Chapter:2
## 'ഋതുയോഗം'

1.'ഋതുയോഗം' എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക

'ഋതുയോഗ'ത്തിന് വസന്തകാലം എന്നാണ് അർത്ഥം. ഋതുക്കളിൽ വച്ച് ശ്രേഷ്ഠവും സുന്ദരവുമാണ് വസന്തം. അതിനാൽ ഋതു എന്ന പദം വസന്തകാലത്തെ സൂചിപ്പിക്കുന്നു.
വസന്തം വരുമ്പോൾ ലത പൂവണിയുന്നു. അതുപോലെ മോതിരം ധരിക്കൽ സൗഭാഗ്യത്തിന്റെ ചിഹ്നമാണെന്ന് ദുഷ്ഷന്തൻ സൂചിപ്പിക്കുന്നു.
ഇവിടെ ശകുന്തളയുടെ ജീവിതത്തിൽ ഉണ്ടാകാൻ പോകുന്ന സൗഭാഗ്യത്തെ വ്യംഗ്യമായി സൂചിപ്പിക്കുന്നുമുണ്ട്.ശകുന്തളയുടെയും ദുഷ്ഷന്തന്റെയും പുനസ്സമാഗമത്തെകൂടി 'ഋതുയോഗം' എന്ന പ്രയോഗം വ്യക്തമാക്കുന്നു.

2.സർവദമനിൽ പ്രകടമാവുന്ന ഭാവങ്ങൾ എന്തൊക്കെ?

സർവദമനനിൽ ബാല്യത്തിന്റെ നിഷ്കളങ്കതയും കുസൃതിയും കാണുന്നുണ്ട്. 'സർവദമനൻ'എന്ന വാക്കിന് എല്ലാം അടക്കുന്നവൻ എന്നർഥം.ഇവിടെ ആശ്രമവാസികളെ കുസൃതി നിറഞ്ഞ നിഷ്കളങ്ക പ്രവൃത്തികളാലും സഹജീവികളെ സ്നേഹപരിചരണങ്ങളാലും വരുതിയിലാക്കാൻ അവന് സാധിക്കുന്നുണ്ട്.ലൗകികവ്യാപാരങ്ങളിൽ നിന്ന് ഇന്ദ്രിയങ്ങളെ അടക്കി വിജയം നേടിയവൻ എന്ന അർഥവുമുണ്ട്.

4.'ദലകുലംതെളിഞ്ഞീടാതൊന്നായ് വിടരുന്ന തണ്ടാർമലർ' എന്ന സദൃശകല്പനയുടെ ഔചിത്യം എന്ത്?

പ്രഭാതത്തിൽ വിടരുന്ന താമരപ്പൂവിന്റെ ഇതളുകളെല്ലാം പൂർണമായി വിടർന്നിട്ടുണ്ടാവില്ല.വിളക്കിച്ചേർത്ത പോലെ വിരൽഞ്ഞെരുങ്ങി നിൽക്കുന്ന സർവദമനന്റെ കൈകൾ താമരപ്പൂവിന് സമാനമാണ്. താമരപ്പൂവിന്റെ ചുവപ്പുനിറവും മൃദുലതയും സർവദമനന്റെ കൈകൾക്കും യോജിക്കുന്നുണ്ട്. ചക്രവർത്തീലക്ഷണങ്ങൾ കൈകളിൽ കാണുമ്പോഴും അല്പകാലത്തെ കാത്തിരിപ്പിനുശേഷം അത് തെളിയുമെന്ന് തന്നെയാണ് ദുഷ്ഷന്തന്റെ പ്രതീക്ഷ.

5.സർവദമനൻ തേജസ്വിയായി വളരും എന്ന ചിന്ത ദുഷ്ഷന്തനിൽ ഉദിക്കുന്നതായി അവതരിപ്പിച്ചിരിക്കുന്നത് എങ്ങനെ?

ഈ കുട്ടി വലിയോരു തേജസ്വിന്റെ വിത്താണെന്ന് ദുഷ്ഷന്തന് തോന്നുന്നു.എരിയുന്നതിനുവേണ്ടി വിറകും കാത്തുകിടക്കുന്ന തീപ്പൊരിപോലെ ഭാവിയിൽ മഹാതേജസ്വിയായി വളരാനുള്ള ലക്ഷണങ്ങൾ രാജാവ് ബാലനിൽ കാണുന്നു.നാളെ അഗ്നിയായി വളരാനുള്ള തീപ്പൊരിയാണവൻ

6.ആശ്രമവാസിക്ക് ചേരാത്തതാണ് കുട്ടിയുടെ പ്രവൃത്തി എന്ന് ദുഷ്ഷന്തൻ വ്യക്തമാക്കുന്നത് എങ്ങനെ?

ചെറുപാമ്പ്,ചന്ദനമരം എന്നീ പ്രയോഗങ്ങൾ കൊണ്ട് അർത്ഥമാക്കുന്നത് എന്ത്?

ചെറുപാമ്പ്  ചന്ദനമരത്തിലെന്നപോലെ ആശ്രമജീവിതത്തിന് ചേരാത്ത കുസൃതിത്തരങ്ങൾ ചെയ്ത് നിന്റെ പവിത്രമായ ജൻമത്തിന് കളങ്കമുണ്ടാക്കരുത് എന്ന് രാജാവ് ബാലനോട് പറയുന്നു.ശാന്തതയാണ് ആശ്രമത്തിന്റ പൊതുസ്വഭാവം.
ഇതിന് വിരുദ്ധമായ ബാലചാപല്യങ്ങളാണ് സർവദമനൻ കാണിക്കുന്നത്.
പരിശുദ്ധിനിറഞ്ഞ,സൗരഭം പരത്തുന്ന ചന്ദനമരത്തിൽ അപകടകാരിയായ പാമ്പ് കയറുന്നത് പോലെയാണ് കുട്ടിയുടെ പ്രവൃത്തി.വിശുദ്ധമായ ആശ്രമത്തെ ചന്ദനമരത്തോടും സർവദമനനെ ചെറുപാമ്പിനോടും സാദൃശ്യപ്പെടുത്തിയിരിക്കുന്നു.

7.'തന്റേതാണെന്ന് അറിഞ്ഞുകൊണ്ട് പുത്രനെ തൊടുന്ന പിതാവിന്റെ നിർവൃതി'-എന്ന പ്രയോഗം രാജാവിന്റെ ഏത് മാനസികാവസ്ഥയെ കുറിക്കുന്നു?.

സർവദമനന്റെ പിതാവായിരിക്കുന്നത് അത്രയേറെ പുണ്യമാണെന്ന് ദുഷ്ഷന്തൻ കരുതുന്നു. അവന്റെ നിഷ്കളങ്കതയും  കുസൃതിയും പ്രസരിപ്പും വീരത്വവും അത്രയ്ക്ക് രാജാവിനെ ആകർഷിച്ചു.സർവദമനൻ തന്റെ പുത്രനായിരുന്നെങ്കിൽ എന്ന രാജാവിന്റെ ചിന്ത ഈ വാക്യത്തിൽ പ്രതിഫലിക്കുന്നു.

8.'ധരണീഭരണം' എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്?

രാജ്യഭരണമാണ് ധരണീഭരണം.

9.'തരുമൂലഗൃഹസ്ഥരായ്ചരിക്കുക'
എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്?

പുരുവംശരാജാക്കൻമാർ രാജ്യഭരണത്തിനുശേഷം ഏകപത്നിയോടൊപ്പം കൊട്ടാരത്തിലെ സുഖസൗകര്യങ്ങൾ ഉപേക്ഷിച്ച് വനവാസത്തിന് പുറപ്പെടുന്നു.കൊട്ടാരത്തിലെ ആഡംബരത്തിൽ നിന്ന് പ്രകൃതിയുടെ ലാളിത്യത്തിലേക്കുള്ള യാത്ര.ഇതാണ് 'തരുമൂലഗൃഹസ്ഥരായ് ചരിക്കുക' എന്ന പദംകൊണ്ട് അർത്ഥമാക്കുന്നത്.

10.പുരുവംശ രാജാക്കൻമാരുടെ അന്ത്യമായ കുലവ്രതം എന്ത്?

രാജ്യഭരണത്തിനു ശേഷം വാർധക്യകാലത്ത് വാനപ്രസ്ഥം സ്വീകരിക്കുക എന്നതാണ് പൗരവൻമാരുടെ അന്ത്യമായ കുലവ്രതം.

11.വിരഹദു:ഖം അനുഭവിക്കുന്ന ശകുന്തളയെ അവതരിപ്പിച്ചിരിക്കുന്നത് എങ്ങനെ?

മലിനമായ രണ്ട് വസ്ത്രങ്ങളാണ് ശകുന്തള ധരിച്ചിരുന്നത്.വ്രതാനുഷ്ഠാനത്താൽ ഏറെ മെലിഞ്ഞിരിക്കുന്നു.മുടി മെടഞ്ഞ് ഒറ്റയാക്കിയിരിക്കുന്നു.വിരഹത്തിൽ പതിവ്രതമാർ മുടി ഒറ്റയായി മെടഞ്ഞിടുകയാണ് പതിവ്.

12.'മോഹം അകന്നു'എന്ന പ്രയോഗംകൊണ്ട് സൂചിപ്പിക്കുന്നത് എന്ത്?

ചന്ദ്രന്റെ ഭാര്യയാണ് രോഹിണി.രാഹുബാധിക്കുമ്പോൾ രോഹിണിയെ കാണാൻ ചന്ദ്രന് സാധിക്കില്ല.ഗ്രഹണം തീരുമ്പോൾ ചന്ദ്രന് രോഹിണീസാമിപ്യം കൈവരും.അതുപോലെ ദുർവാസാവിന്റെ ശാപത്താൽ ശകുന്തളയെ മറന്ന ദുഷ്ഷന്തൻ ശാപമകന്ന് ബുദ്ധിതെളിഞ്ഞപ്പോൾ ശകുന്തളയെ തിരിച്ചറിയാൻ കഴിഞ്ഞുവെന്ന് സാരം.

13.ദുർവാസാവിന്റെ ശാപം ബാധിച്ച തന്നെ രാജാവ് എന്തിനോടാണ് ഉപമിക്കുന്നത്?.

രാഹുഗ്രസ്തനായ ചന്ദ്രനോട്.

14.രാജാവിന്റെയും ശകുന്തളയുടെയും സംഗമത്തെ സാദൃശ്യപ്പെടുത്തിയിരിക്കുന്നത് എന്തിനോട്?

രാഹുഗ്രസ്തനായി രോഹിണീസാമിപ്യം നഷ്ടമാകുന്ന ചന്ദ്രന് ഗ്രഹണം തീരുമ്പോൾ
രോഹിണീസാമിപ്യം കൈവരുന്നതിനോട് രാജാവിന്റെയും ശകുന്തളയുടേയും സംഗമത്തെ സാദൃശ്യപ്പെടുത്തിയിരിക്കുന്നു.

15..ജയപ്രാർത്ഥന പകുതിമുറിഞ്ഞിട്ടും ഫലിച്ചു എന്ന് ദുഷ്ഷന്തൻ കരുതിയത് എന്തുകൊണ്ടാവാം?

ഗദ്ഗദത്താൽ ശകുന്തളയുടെ ജയപ്രാർത്ഥന മുറിയുന്നു.ശകുന്തളയ്ക്ക് തന്നോടുള്ള സ്നേഹാധിക്യം തിരിച്ചറിഞ്ഞതുകൊണ്ടുള്ള സന്തോഷത്താലാണ് ജയപ്രാർത്ഥന പകുതിമുറിഞ്ഞിട്ടും ഫലിച്ചുവെന്ന് ദുഷ്ഷന്തൻ കരുതിയത്.

16.ഇക്കാലമത്രയും ശകുന്തള തന്നെ സ്നേഹിച്ചിരുന്നു എന്നതിന് ദുഷ്ഷന്തൻ പറയുന്ന തെളിവെന്ത്?

വിരഹിണികൾ താംബുലചർവണം(വെറ്റില മുറുക്കൽ) നടത്താറില്ല.താംബൂല രാഗം ചേരാത്ത ശകുന്തളയുടെ തൊണ്ടിപ്പഴം പോലെയുള്ള അധരങ്ങളാണ് ശകുന്തള ഇത്രനാളും തന്നെ സ്നേഹിച്ചിരുന്നു എന്നതിന് തെളിവായി ദുഷ്യന്തൻ പറയുന്നത്.

17.ശകുന്തളയോടുള്ള ദുഷ്ഷന്തന്റെ അഭ്യർത്ഥന എന്ത്?

ഞാൻ നിന്നെ ഉപേക്ഷിച്ചതിന്റെ പരിഭവം നീ നിന്റെ ഹൃദയത്തിൽ നിന്നും നീക്കിക്കളയണം എന്നതാണ് ശകുന്തളയോടുള്ള ദുഷ്ഷന്തന്റെ അഭ്യർത്ഥന.

18.ദുഷ്ഷന്തൻ  അന്ധനെന്ന് സ്വയം വിശേഷിപ്പിക്കാൻ കാരണം എന്ത്?

തലയിലിട്ടുകൊടുത്ത പൂമാലയെ പാമ്പെന്നു കരുതി പേടിച്ച് കുടഞ്ഞുകളയുന്ന അന്ധനെപ്പോലെ മനസ്സിൽ കളങ്കമുള്ളവർക്ക് നൻമവരുമ്പോൾ അത് തിരിച്ചറിയാൻ കഴിയാതെവരുന്നു.ദുർവാസാവിന്റെ ശാപത്തെ ദുഷ്ഷന്തന്റെ മനസ്സിലെ കളങ്കമായി സൂചിപ്പിക്കുന്നു.ശകുന്തളയെന്ന നൻമയെ തിരിച്ചറിയാൻ തന്റെ മനസ്സിലെ മാലിന്യം കൊണ്ട് തിരിച്ചറിഞ്ഞില്ലെന്ന കുറ്റസമ്മതമാണ് ദുഷ്ഷന്തൻ നടത്തുന്നത്.

19.ഗർഭിണിയായ ശകുന്തളയ്ക്ക് ദുഷ്ഷന്തന്റെ രാജധാനിയിലെത്തിയപ്പോഴുണ്ടായ ദുരനുഭവം എന്തായിരുന്നു?

ഗർഭിണിയായ ശകുന്തളയെ ദുഷ്ഷന്തൻ സ്വീകരിക്കാതെ തിരിച്ചയയ്ക്കുന്നു.അപമാനത്താൽ കരഞ്ഞുകൊണ്ട് അവിടെനിന്നും ശകുന്തളയ്ക്ക് പോകേണ്ടിവരുന്നു.

20.തെറ്റിന് പ്രായശ്ചിത്തമായി ദുഷ്ഷന്തൻ ചെയ്യുന്നതെന്ത്?

കൊട്ടാരത്തിൽ വച്ച് പരിത്യജിച്ചപ്പോൾ ശകുന്തളയുടെ കണ്ണീർ തുടയ്ക്കാൻ ദുഷ്ഷന്തന് സാധിച്ചിരുന്നില്ല. ഇന്ന് ശകുന്തളയുടെ കണ്ണീർ തുടച്ചുകൊണ്ട് തന്റെ ദു:ഖം കുറയ്ക്കാൻ രാജാവ് ശ്രമിക്കുന്നു.
പശ്ചാത്താപം ദുഷ്ഷന്തന്റെ മഹത്ത്വം വർദ്ധിപ്പിക്കുന്നു.സ്ത്രീയോട് ചെയ്ത അപരാധത്തിന് ക്ഷമചോദിക്കാനും പ്രായശ്ചിത്തം ചെയ്യാനും തന്റെ രാജപദവിയൊ വീരത്വമൊ ദുഷ്ഷന്തന് തടസ്സമാകുന്നില്ല.

21.'പോരിൽ മുമ്പൻ,ഭുവനഭരണകർത്താവ്' എന്നിങ്ങനെ വിശേഷിപ്പിക്കുന്നത് ആരെയാണ്?

ഇന്ദ്രനെ.

22.ദേവരാജാവായ ഇന്ദ്രന്റെ വജ്രായുധം ഭൂഷണപ്രായമായി എന്ന് പറയുന്നത് എന്തുകൊണ്ട്?

കശ്യപപ്രജാപതിയായ മാരീചൻ തന്റെ പത്നിയായ അദിതിയോട് പറയുന്നതാണ് സന്ദർഭം.ദുഷ്ഷന്തൻ തന്റെ കുലവില്ലിനാൽ അസുരൻമാരെ വധിച്ചതിനാൽ ദേവേന്ദ്രന് തന്റെ വജ്രായുധം പ്രയോഗിക്കേണ്ടി വന്നില്ല.അതിനാൽ വജ്രായുധം ഇന്ദ്രന് വെറുമൊരു അലങ്കാരമായി മാത്രം മാറി. ദുഷ്ഷന്തന്റെ വീരത്വത്തെയാണ് മാരീചൻ ഇവിടെ സൂചിപ്പിക്കുന്നത്.

23.'പന്ത്രണ്ടായി
പിരിഞ്ഞീടിനമഹസ്സഞ്ചയം'എന്നു വിശേഷിപ്പിച്ചിരിക്കുന്നത് ആരെയാണ്?

'പന്ത്രണ്ടായി പിരിഞ്ഞീടിന മഹസ്സഞ്ചയം'എന്ന് വിശേഷിപ്പിച്ചിരിക്കുന്നത് സൂര്യനെയാണ്. ഓരോ മാസവും സൂര്യൻ ഓരോ രൂപം ധരിക്കുന്നുവെന്നാണ് സങ്കല്പം.ധാതാവ്,മിത്രൻ,ആര്യമാവ്,അംശൻ,വരുണൻ,ശുഗൻ,ഭഗൻ,വിവസ്വാൻ,പുഷാവ്,സവിതാവ്,വിഷ്ണു,തൃഷ്ടാവ് എന്നിങ്ങനെ പന്ത്രണ്ട് മൂർത്തീഭേദങ്ങൾ സൂര്യനുള്ളതായി മഹാഭാരതം ആദിപർവത്തിൽ പറയുന്നു.

24.മാരീചൻ ശകുന്തളയ്ക്ക് നൽകിയ ആശിസ്സ് എന്ത്?

ഇന്ദ്രതുല്യനായ ഭർത്താവിനും ഇന്ദ്രന്റെ പുത്രനായ ജയന്തന് തുല്യനായ മകനുമൊപ്പം ഇന്ദ്രന്റെ ഭാര്യയായ പൗലോമിയെപ്പോലെ നീ ജീവിക്കുക എന്നാണ് മാരീചൻ ശകുന്തളയ്ക്ക് നൽകിയ ആശിസ്സ്.

25.എന്റെ ആശക്ക് ഒരു താങ്ങലും കൂടിയായി.ഈ വാക്യത്തിന്റെ സന്ദർഭം വിവരിച്ച് ആശയം വ്യക്തമാക്കുക

രാജാവിന്റെ ഉള്ളിൽ സർവദമനൻ തന്റെ പുത്രനായിരുന്നെങ്കിൽ എന്നുള്ള ആഗ്രഹം ഉണ്ട്.അപ്സരസംബന്ധം കൊണ്ട് മാതാവ് കശ്യപാശ്രമത്തിൽ സർവദമനന് ജൻമം നൽകി എന്ന് താപസി അറിയിക്കുമ്പോഴുള്ള ദുഷ്ഷന്തന്റെ മനോവിചാരമാണ് പ്രസ്തുതവാക്യം.അപ്സരസ്സായ മേനകയുടെ പുത്രിയാണ് ശകുന്തള.ഗർഭിണിയായ ശകുന്തളയെ കശ്യപന്റെ ആശ്രമത്തിൽ എത്തിക്കുന്നത് മേനകയാണ്.താപസി പറയുന്നതെല്ലാം തന്നെകുറിച്ചാണ് എന്ന് ദുഷ്ഷന്തൻ തിരിച്ചറിയുന്ന ഘട്ടമാണിത്.

25.'ഈ പ്രസ്താവം കാനൽജലം പോലെ ഒടുവിൽ എനിക്കു വിഷാദത്തിന് ഇടയാക്കാതിരുന്നാൽ കൊള്ളാമായിരുന്നു'
ദുഷ്ഷന്തൻ ഇങ്ങനെ ചിന്തിക്കാൻ കാരണം എന്ത്?

മയിലിനെ കൊടുത്തുകൊണ്ട് 'ശകുന്താലാസ്യം നോക്കൂ' എന്ന് താപസി പറഞ്ഞപ്പോൾ എന്റെ അമ്മ ഇവിടില്ല എന്ന് ബാലൻ പറഞ്ഞത് ദുഷ്ഷന്തനിൽ ആകാംക്ഷ വളർത്തി.'ശകുന്തലാസ്യം' എന്ന പദത്തിന് ശകുന്തത്തിന്റെ നൃത്തമെന്നും ശകുന്തളയുടെ മുഖമെന്നും അർത്ഥമുണ്ട്. കുട്ടിയുടെ മാതാവ് ശകുന്തളയാകാം എന്ന് രാജാവ് ചിന്തിക്കുന്നു.മരുഭൂമിയിൽ ജലമില്ലാത്തിടത്ത് ജലമുണ്ടെന്ന പ്രതീതി ജനിപ്പിക്കുന്നതാണ് കാനൽ ജലം.ബാലന്റെ വാക്കുകൾ സന്തോഷം നൽകുന്നതാണെങ്കിലും അത് ശകുന്തളയല്ലെങ്കിൽ വിഷാദത്തിനിടയാക്കും.അതിനാലാണ് രാജാവ് ഇപ്രകാരം പറഞ്ഞത്.

26.രാജാവ് രക്ഷ എടുത്തപ്പോൾ താപസിമാർ അത്ഭുതപ്പെടാൻ  കാരണമെന്ത്?

രഷയ്ക്ക് പല പ്രത്യേകതകൾ ഉണ്ട്. 'അപരാജിത'എന്നാണ് അതിന്റെ പേര്.ജാതകകർമ്മ സമയത്ത് മാരീചഭഗവാൻ നൽകിയതാണിത്.മാതാപിതാക്കളും കുട്ടിയും മാത്രമേ അത് സ്പർശിക്കാൻ പാടുള്ളൂ. മറ്റുള്ളവർ സ്പർശിച്ചാൽ ചരട് സർപ്പമായി മാറി മറ്റുള്ളവരെ

കടിക്കും.അന്യനായ രാജാവ് സ്പർശിച്ചിട്ടും ഒന്നും സംഭവിച്ചില്ല.അത് താപസിമാരിൽ അത്ഭുതം ഉണ്ടാക്കുന്നു.

27.ദുഷ്ഷന്ത മഹാരാജാവിൽ കാണാൻ കഴിയുന്ന സവിശേഷതകൾ എന്തെല്ലാം?

.ധീരോദാത്തനും അതിപ്രതാപഗുണവാനും വിഖ്യാത വംശജനും രാജാവുമായ ദുഷ്ഷന്തൻ അഭിജ്ഞാന ശാകുന്തളം നാടകത്തിലെ പ്രധാന കഥാപാത്രമാണ്.
.സ്നേഹസമ്പന്നനും ഉദാരമതിയുമായ രാജാവാണ് ദുഷ്ഷന്തൻ.
.പുത്രവാത്സല്യം.
.ആദരിക്കേണ്ടവരെ ആദരിക്കാനും അംഗീകരിക്കേണ്ടവരെ അംഗീകരിക്കാനുമുള്ള മനസ്സ്.
.സഹജീവിസ്നേഹം.
.സ്ത്രീയോട് ചെയ്ത അപരാധത്തിന് ക്ഷമ ചോദിക്കാനും പ്രായശ്ചിത്തം ചെയ്യാൻ തന്റെ രാജപദവിയോ വീരത്വമോ തടസ്സമാകുന്നില്ലെന്ന സന്ദേശം ലോകത്തിന് നൽകിയ കഥാപാത്രം.

28. കാളിദാസന്റെ ഭാവന ഏറ്റവും തെളിഞ്ഞുകാണുന്ന നാടകമാണ് 'ശാകുന്തളം'.ശുഭകരമായ അന്ത്യത്തിലേക്ക് കഥാഗതിയെ നാടകീയമായി വളർത്തിക്കൊണ്ടുവരുന്നതിന് കവി സ്വീകരിച്ച രചനാതന്ത്രങ്ങൾ എന്തൊക്കെ?

ദുഷ്ഷന്തനും ശകുന്തളയും മകനും സമാഗമിക്കുന്ന ശാകുന്തളം ഏഴാമങ്കം നാടകീയമുഹൂർത്തങ്ങൾ നിറഞ്ഞതാണ്. ശുഭകരമായ അന്ത്യത്തിലേക്ക് കഥാഗതിയെ നാടകീയമായി വളർത്തിക്കൊണ്ടുവരാൻ കവിക്ക് കഴിഞ്ഞിട്ടുണ്ട്. കഥാപാത്രങ്ങളുടെ രംഗപ്രവേശം,സംഭാഷണത്തിലെ ധ്വന്യാത്മകത,ചടുലത,ഉചിതമായ അന്തരീക്ഷസൃഷ്ടി ,വൈകാരികത ഇവയെല്ലാം നാടകീയമായി ശുഭകരമായ അന്ത്യത്തിലേക്ക് നാടകത്തെ നയിക്കുന്നു.

സർവദമനൻ സിംഹക്കുട്ടിയുമായി കളിച്ചുനിൽക്കുമ്പോൾ ആകസ്മികമായുള്ള രംഗപ്രവേശം കഥാപാത്രങ്ങളുടെ ഉചിതസമയത്തുള്ള രംഗപ്രവേശങ്ങൾക്ക് ഒരു ഉദാഹരണം മാത്രം.'ശകുന്തലാസ്യം' എന്ന താപസിയുടെ പ്രയോഗവും അതിനെ സർവദമനൻ ശകുന്തളയെന്ന് തെറ്റിദ്ധരിച്ചതും രാജാവിൽ സംശയം ബലപ്പെടുന്നതും അത്യധികം നാടകീയമായി അവതരിപ്പിച്ചിരിക്കുന്നു.സർവദമനൻ മഹർഷി ബാലനല്ലെന്നും ശകുന്തളയുടെ പുത്രനാണെന്നും മഹർഷിമാരുടെ സംഭാഷണത്തിൽ നിന്നും ദുഷ്ഷന്തൻ മനസ്സിലാക്കുന്നു. ഇത്തരം ധ്വന്യാത്മക സംഭാഷണങ്ങൾ കഥാഗതിയെ ചടുലമാക്കുകയും ആകാംക്ഷജനിപ്പിക്കുകയും ചെയ്യുന്നു.

സർവദമനന്റെ കൈയിൽനിന്നു വീണുപോയ 'രക്ഷ' ദുഷ്ഷന്തൻ എടുത്തതു മുതൽ പ്രേക്ഷകന്റെ ആകാംക്ഷയെ അനുക്രമമായി വികസിപ്പിക്കുവാൻ കാളിദാസന് കഴിഞ്ഞു.ഇതൊന്നും അറിയാതെ യാദൃശ്ചികമായുള്ള ശകുന്തളയുടെ രംഗപ്രവേശത്തോടുകൂടി ശുഭകരമായ അന്ത്യത്തിലേക്ക് നാടകം കടക്കുന്നു.

# 'കാലാതീതം കാവ്യവിസ്മയം'
# Chapter:3
# 'പാവങ്ങൾ'

1.വെള്ളിപ്പാത്രം മോഷ്ടിക്കാനുള്ള ഴാങ് വാൽ ഴാങിന്റെ പ്രവൃത്തിയെ നിങ്ങൾ എങ്ങനെ വിലയിരുത്തുന്നു?

അഭയം തന്നവനോടുള്ള വഞ്ചനയാണ് ഴാങ് വാൽ ഴാങിന്റെ പ്രവൃത്തി.വിശപ്പിന്റെ പേരിൽ ചെയ്തുപോയ തെറ്റിന് നീതിപീഠം വിധിച്ച കഠിനശിക്ഷ ഴാങ് വാൽ ഴാങിന്റെ മനസ്സിനെ ശുദ്ധീകരിക്കാതെ കൂടുതൽ കഠിനമാക്കുകയായിരുന്നു.അതുകൊണ്ടു തന്നെയാണ് ആശ്രയം തന്നയാളെ വഞ്ചിക്കുന്ന തരത്തിലേക്ക് ഴാങ് വാൽ ഴാങ് നയിക്കപ്പെട്ടത്.

2."അകത്തു കടക്കാൻ നോക്കുന്ന പൂച്ചയുടെ കളവുള്ളതും സ്വസ്ഥതയില്ലാത്തതുമായ സൗമ്യഭാവത്തോടുകൂടി അനങ്ങാതെ, വിരൽത്തുമ്പുകൊണ്ടു പതുക്കെ അയാൾ വാതിലുന്തി".ഴാങ് വാൽ ഴാങിന്റെ പ്രവൃത്തിയെ പൂച്ചയോട് ഉപമിച്ചതിന്റെ ഔചിത്യം വിശദമാക്കുക.
ഈ വാക്യം ഴാങ് വാൽ ഴാങിന്റെ മാനസികാവസ്ഥയെ കുറിച്ച്  നമുക്ക് എന്തെല്ലാം സൂചനകൾ നൽകുന്നു?

ഇവിടെ ഴാങ് വാൽ ഴാങിന്റെ പ്രവൃത്തിയെ പൂച്ചയുടെ കളവിനോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു.പൂച്ചയ്ക്ക് ഒരു പൊതുസ്വഭാവം ഉണ്ട്. നാം എത്രയൊക്കെ സ്നേഹിച്ചു ലാളിച്ചു വളർത്തിയാലും തരംകിട്ടുമ്പോൾ പൂച്ച കക്കും.ഴാങ് വാൽ ഴാങിന്റെ പ്രവൃത്തിയും അത്തരത്തിൽ ഉള്ളതാണ്.മെത്രാന്റെ സ്വീകരണം ഏറ്റുവാങ്ങിയ ഴാങ് വാൽ ഴാങ് അതെല്ലാം മറന്നുകൊണ്ട് മോഷണത്തിനൊരുങ്ങുന്നു.അഭയം നൽകിയ മെത്രാനോടുള്ള നന്ദികേടാണ് ഴാങ് വാൽ ഴാങിന്റെ പ്രവൃത്തി.
ഴാങ് വാൽ ഴാങിന്റെ മനസ്സിലെ ശക്തമായ മോഷണചിന്ത ഈ വാക്കുകളിൽ കാണാം. മോഷണത്തിനൊരുങ്ങുന്നവന്റെ ഭയവും അതിനെ മറികടക്കാനുള്ള ശ്രമവും വാക്കുകളിലൂടെ ചിത്രീകരിച്ചിരിക്കുന്നു.

3.മെത്രാന്റെ ഭവനത്തിൽ അഭയം ലഭിച്ചിട്ടും ഴാങ് വാൽ ഴാങ് മോഷണത്തിനൊരുങ്ങിയത് എന്തുകൊണ്ടായിരിക്കാം?

പത്തൊൻപതു വർഷത്തെ ജയിൽ ശിക്ഷ സമ്മാനിച്ച പകയും വിദ്വേഷവും കൊണ്ടാണ് ഴാങ് വാൽ ഴാങ് മോഷണത്തിനൊരുങ്ങിയത്

4."തന്റെ കാര്യം പോയി എന്നു തോന്നിയിരുന്നപ്പോൾ കൂടി അയാൾ പിന്നാക്കം വയ്ക്കുകയുണ്ടായില്ല" എന്ന സൂചനയിൽ തെളിയുന്ന ഴാങ് വാൽ ഴാങിന്റെ സ്വഭാവസവിശേഷത എന്ത്?

ഏതു പ്രതിസന്ധിയിലും തന്റെ തീരുമാനത്തിൽ ഉറച്ചുനിൽക്കുന്ന സ്വഭാവം

5.വെള്ളിപ്പാത്രം മോഷ്ടിക്കാനെത്തുന്ന ഴാങ് വാൽ ഴാങിന്റെ മനസ്സിലുണ്ടായ ചിന്തകൾ എന്തെല്ലാം?

താൻ ചെയ്ത പ്രവൃത്തി ശരിയൊ തെറ്റൊ എന്നുള്ള ചിന്ത ഴാങ് വാൽ ഴാങിനെ വേട്ടയാടുന്നു.നിയമത്തിന്റെ പിടിയിൽ തന്റെ ജീവിതം അവസാനിക്കുമെന്നും ഭയപ്പെടുന്നു. എങ്കിലും വെള്ളിപ്പാത്രങ്ങൾ മോഷ്ടിക്കുക എന്ന തീരുമാനത്തിൽ അയാൾ ഉറച്ചുനിൽക്കുന്നു.

6."പരലോകത്തുവച്ച് ഇഹലോക കർമ്മങ്ങളെ വിചാരണക്കെടുക്കുമ്പോഴത്തെ തുളഞ്ഞുകയറുന്നതും ഭയം തോന്നിക്കുന്നതുമായ കാഹളശബ്ദം പോലെ തിരികുറ്റിയുടെ കരച്ചിലൊച്ച അയാളുടെ ചെകിട്ടിലലച്ചു.'ചെകിട്ടിലലച്ചു" എന്ന പ്രയോഗത്തിൽ തെളിയുന്ന ഴാങ് വാൽ ഴാങിന്റെ മാനസികാവസ്ഥ എന്ത്?

താൻ ചെയ്ത കുറ്റം ഈലോകത്ത് പിടിക്കപ്പെട്ടില്ലെങ്കിലും പരലോകത്ത് വച്ച് ചെയ്ത കുറ്റം വെളിപ്പെടുമെന്ന ചിന്ത ഴാങ് വാൽ ഴാങിനെ വേട്ടയാടുന്നു.തിരികുറ്റിയുടെ ശബ്ദം താൻ കുറ്റവാളിയാണെന്ന് ലോകത്തിനു മുമ്പിൽ വിളിച്ചറിയിക്കുന്ന കാഹള ശബ്ദം പോലെ അയാൾക്ക് അനുഭവപ്പെടുന്നു.മെത്രാന്റെ വെള്ളിപ്പാത്രങ്ങൾ മോഷ്ടിക്കുന്നത് തനിക്ക് അഭയം നൽകിയ മെത്രാനോടു ചെയ്യുന്ന വഞ്ചനയാണെന്ന ഴാങ് വാൽ ഴാങിന്റെ തിരിച്ചറിവ് ഇവിടെ കാണാം.

7.'പരലോകം' 'ഇഹലോകം','കാഹളം' എന്നീ പ്രയോഗങ്ങൾ നൽകുന്ന സൂചനകൾ എന്തെല്ലാം?

നാം ജീവിക്കുന്ന ലോകമാണ് ഇഹലോകം.മരണശേഷം നാം മറ്റൊരു ലോകത്തെത്തുമെന്നാണ് വിശ്വാസം. അതാണ് പരലോകം. ഈ ലോകത്തിൽ നാം ചെയ്യുന്ന പ്രവൃത്തികൾ പരലോകത്തുവച്ച് വിചാരണ ചെയ്യും എന്നുകരുതുന്നു.'കാഹളം'ഒരു സംഗീതോപകരണമാണ്.വിചാരണയ്ക്കു മുമ്പ് കാഹളശബ്ദം മുഴങ്ങുമത്രെ.വിചാരണയ്ക്കു മുമ്പുള്ള കാഹളശബ്ദംപോലെ തിരികുറ്റിയുടെ ശബ്ദം ഴാങ് വാൽ ഴാങിന് അനുഭവപ്പെടുന്നു.ഈ ലോകത്തിൽ തന്റെ തെറ്റുകൾ പിടിക്കപ്പെട്ടില്ലെങ്കിലും പരലോകത്ത് തന്റെ തെറ്റുകൾ വെളിപ്പെടുമെന്ന ഴാങ് വാൽ ഴാങിന്റെ മാനസികാവസ്ഥ വ്യക്തമാക്കുന്ന പ്രയോഗങ്ങളാണിവ.നന്മയിലേക്കുള്ള ഴാങ് വാൽ ഴാങിന്റെ ജീവിതമാറ്റത്തിന്റെ സംഗീതമായും കാഹളശബ്ദം മാറുന്നു.

8."ഉപ്പുകൊണ്ടുള്ള ഒരു പ്രതിമപോലെ ആയാൾ നിന്നിടത്തുതന്നെ മിഴിച്ചുകൊണ്ടുനിന്നു" ഈ പ്രയോഗത്തിന്റെ ഔചിത്യം എന്ത്?

ചൂടേറ്റാലൊ തണുപ്പേറ്റാലൊ ഉപ്പ് വേഗത്തിൽ അലിഞ്ഞുപോകും.ഭയന്നു വിളറിപ്പോയ ഴാങ് വാൽ ഴാങിന്റെ രൂപമാറ്റവും ഭയം സൃഷ്ടിച്ച നിശ്ചലതയും സൂചിപ്പിക്കുന്ന പ്രയോഗമാണിത്.തന്റെ തെറ്റിൽ ആത്മസംഘർഷം

അനുഭവിക്കുന്ന ഴാങ് വാൽ ഴാങിന്റെ മാനസികാവസ്ഥ ഈ വാക്യത്തിൽ കാണാം.മോഷണത്തിന് പിടിക്കപ്പെട്ടാൽ ഉപ്പ് അലിഞ്ഞില്ലാതാകുന്നതുപോലെ തന്റെ ജീവിതവും ഇല്ലാതാകും എന്ന തോന്നൽ ഴാങ് വാൽ ഴാങിൽ സൃഷ്ടിച്ച വിവശതയും ഈ പ്രയോഗത്തിൽ ഉണ്ട്.

9."രണ്ടു ചെന്നിക്കുമുള്ള രക്തനാഡികൾ കൊല്ലന്റെ രണ്ടു കൂടങ്ങൾപോലെ ആഞ്ഞടിക്കുന്നത് ആയാൾ കേട്ടു.ഒരു ഗുഹയിൽനിന്നു പുറപ്പെടുന്ന കാറ്റിന്റെ ഇരമ്പിച്ചയോടുകൂടി,അയാളുടെ മാറിടത്തിൽ നിന്നു ശ്വാസവേഗം തള്ളിവന്നു".ഈ വാക്യം സൂചിപ്പിക്കുന്നത് എന്ത്?

ഇരുട്ടിൽ ഭയന്നു നിൽക്കുന്ന ഴാങ് വാൽ ഴാങിന്റെ ഉൾക്കിടിലം ഈ വാക്യത്തിൽ കാണാം.ഭയപ്പെടുന്നവന്റെ ഹൃദയമിടിപ്പ് അതിശക്തവും ശ്വാസത്തിന് വേഗതയും ഉണ്ടായിരിക്കും.
ഭയന്നുപോയ ഴാങ് വാൽ ഴാങിന്റെ രക്തധമനികൾ വേഗത്തിൽ ശക്തമായി തുടിക്കുന്നതിനെ കൊല്ലന്റെ കൂടങ്ങൾ ആഞ്ഞടിക്കുന്നതിനോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു.
ഗുഹയിൽ നിന്നും പുറപ്പെടുന്ന കാറ്റിന്റെ ഇരമ്പൽ പോലെ എന്ന പ്രയോഗം ശ്വാസോച്ഛ്വാസത്തിന്റെ തീവ്രത വ്യകതമാക്കുന്നു.

10.വെള്ളിസാമാനം മോഷണം പോയതറിഞ്ഞ മദാം മഗ്ലോറിന്റെ പ്രതികരണത്തെ നിങ്ങൾ എങ്ങനെ വിലയിരുത്തുന്നു?

സ്വന്തമായതൊന്നും നഷ്ടപ്പെട്ടുകൂടാ എന്ന ചിന്തയാണ് മദാം മഗ്ലോറിനുള്ളത്.ഴാങ് വാൽ ഴാങിന്റെ പ്രവൃത്തി നീതികേടായും നന്ദികേടായും അവർ കരുതുന്നു.

11."വെള്ളിസാമാനം വളരെക്കാലം സൂക്ഷിച്ചുപോന്നത് ഒരിക്കലും ശരിയായിട്ടല്ല,അത് പാവങ്ങളുടേതാണ്".ഈ വാക്കുകൾ സമൂഹത്തിനു നൽകുന്ന സന്ദേശം എന്ത്?

ഭൗതികലോകത്തിൽ ആരും ഒന്നിന്റെയും സ്ഥിരം ഉടമസ്ഥരല്ല.വിലപിടിപ്പുള്ള വസ്തുക്കൾ ഒരാളുടേതു മാത്രമായി സൂക്ഷിച്ചുവയ്ക്കുന്നതു ശരിയല്ല. ഭൂമിയിലെ എല്ലാ വസ്തുക്കളും എല്ലാവർക്കും ഒരുപോലെ അവകാശപ്പെട്ടതാണ്.വിലപിടിപ്പുള്ള വസ്തുക്കൾ സൂക്ഷിക്കുകയല്ല എല്ലാവർക്കുമായി പങ്കിട്ടുകൊടുക്കുകയാണ് വേണ്ടത് എന്ന സന്ദേശമാണ് മെത്രാന്റെ വാക്കുകൾ നൽകുന്നത്

12."ഒരു കഷ്ണം അപ്പം ഒരു കോപ്പ പാലിൽ എടുത്തു മുക്കുന്നതിന് ഒരാൾക്ക് മരം കൊണ്ടുള്ള മുള്ളും കയിലും കൂടി ആവശ്യമില്ല".ഈ വാക്കുകൾ സൂചിപ്പിക്കുന്നത് എന്ത്?

ജീവിതാവശ്യങ്ങൾക്ക് വളരെ കുറച്ച് വസ്തുക്കളെ ആവശ്യമുള്ളൂ.ലാളിത്യം കൊണ്ട് ജീവിതത്തെ സന്തോഷപ്രദമാക്കാം.വിലകൂടിയ വസ്തുക്കൾ സൂക്ഷിക്കുന്നത് ജീവിതം സങ്കീർണമാക്കുന്നു.വെള്ളിസാമാനങ്ങൾ നഷ്ടപ്പെട്ടത്

തന്റെ ജീവിതത്തെ ഒരു തരത്തിലും ബാധിക്കില്ലെന്ന് ഈ വാക്കുകളിലൂടെ മെത്രാൻ വ്യക്തമാക്കുന്നു.

13."തെരുവിലേക്കുള്ള വാതിലിലൂടെത്തന്നെ എപ്പോഴും വരുകയും പോവുകയും ചെയ്യാം".തന്റെ വീടിന്റെ വാതിൽ ഒരിക്കലും പൂട്ടിയിടുകയില്ലെന്ന് മെത്രാൻ പറഞ്ഞതിന്റെ പൊരുൾ എന്ത്?

എല്ലാവരേയും എപ്പോഴും ഒരുപോലെ സ്വീകരിക്കുന്നതാണ് മെത്രാന്റെ ഭവനം.ജീവിതത്തിൽ നേരായമാർഗത്തിലൂടെ നാം സഞ്ചരിക്കണം.വളഞ്ഞവഴി സ്വീകരിക്കരുത്.
കുറ്റവാളിയെ ആരും സ്വീകരിക്കുകയും അംഗീകരിക്കുകയും ചെയ്യില്ല.സമൂഹം മുൻവാതിലുകൾ കൊട്ടിയടയ്ക്കുമ്പോൾ മനുഷ്യന് വളഞ്ഞ വഴികൾ സ്വീകരിക്കേണ്ടിവരുന്നു.
എല്ലാവരേയും എപ്പോഴും സ്വീകരിക്കാനുള്ള മനസ്സുണ്ടാകണം.പൂട്ടിയിട്ട വാതിലുകൾ സ്വാർത്ഥതയുടേതാണ്.ഒന്നും ഒളിച്ചു വയ്ക്കാതെ ജീവിതത്തെ തുറന്ന പുസ്തകമാക്കണം.എല്ലാവരേയും തുല്യരായി കാണുന്ന എല്ലാം എല്ലാവർക്കുമായി പങ്കുവയ്ക്കുന്ന മെത്രാന്റെ ഭവനത്തിലെ പൂട്ടാത്ത വാതിൽ നന്മയുടെ വാതിൽ ആകുന്നു. ഴാങ് വാൽ ഴാങിന് മുന്നിൽ നന്മയുടെ വാതിൽ തുറക്കുകയാണ് മെത്രാൻ.

14."ഒരു സത്യവാനായിരിക്കുവാൻ ഈ ക്ഷണം പ്രയോജനപ്പെടുത്തുമെന്ന് നിങ്ങൾ പ്രതിജ്ഞ ചെയ്തിട്ടുള്ളത് മറക്കരുതേ".'ഒരിക്കലും മറന്നുപോകരുത്' എന്ന ബിഷപ്പിന്റെ വാക്കുകൾ ഴാങ് വാൽ ഴാങിനെ എങ്ങനെ സ്വാധീനിച്ചിട്ടുണ്ടാവും?

ജീവിതത്തിൽ ആദ്യമായി ലഭിക്കുന്ന സ്നേഹവും കാരുണ്യവും രക്ഷപെടുത്തലും ഴാങ് വാൽ ഴാങിന്റെ മനസ്സിനെ ഉലച്ചുകളയുന്നു.മെത്രാന്റെ വാക്കുകൾ അയാളെ
അത്ഭുതപ്പെടുത്തുകയും പശ്ചാത്താപവിവശനാക്കുകയും ചെയ്യുന്നു. പാപിയോട് പൊറുക്കുന്നതിന്റെ സ്നേഹവും കാരുണ്യവും ഴാങ് വാൽ ഴാങ് അനുഭവിച്ചറിയുന്നു.മെത്രാൻ സമ്മാനിച്ച നന്മയുടെ മെഴുകുതിരിക്കാലുകൾ തന്റെ ജീവിതത്തെ പ്രകാശമാനമാക്കുമെന്നും അയാൾ തിരിച്ചറിയുന്നു.

15."ഒരു സത്യവാനായിരിക്കുവാൻ ഈ ക്ഷണം പ്രയോജനപ്പെടുത്തുമെന്ന് നിങ്ങൾ പ്രതിജ്ഞചെയ്തിട്ടുള്ളത് മറക്കരുതേ".മെത്രാൻ ഴാങ് വാൽ ഴാങിനൊട് ഇങ്ങനെ പറയിനിടയായ സാഹചര്യം എന്ത്?
മെത്രാന്റെ ഈ വാക്കുകൾ സൂചിപ്പിക്കുന്നത് എന്ത്?

സ്നേഹവും ആശ്രയവും നൽകിയിട്ടും അടിച്ചമർത്തപ്പെട്ട അധമചിന്തകളാൽ വെള്ളിപ്പാത്രങ്ങൾ അപഹരിച്ച ഴാങ് വാൽ ഴാങിന്റെ പ്രവൃത്തിയാണ് മെത്രാനെ ഇപ്രകാരം പറയാൻ പ്രേരിപ്പിച്ചത്.

ഇനി ഒരിക്കലും ഴാങ് വാൽ ഴാങിന്റെ ജീവിതത്തിൽ തിന്മയ്ക്ക് സ്ഥാനമുണ്ടാകരുത് എന്ന ഓർമ്മപ്പെടുത്തലാണ് മെത്രാന്റെ വാക്കുകൾ.തന്റെ

പ്രതികരണത്തിലൂടെ ഴാങ് വാൽ ഴാങ് നന്മയുടെ പാതയിൽ സഞ്ചരിക്കാനുള്ള പ്രതിജ്ഞയെടുത്തിട്ടുണ്ടാവുമെന്നും ഴാങ് വാൽ ഴാങിൽ ആ തിരിച്ചറിവ് വേഗത്തിൽ
ഉണ്ടാകുമെന്നും മെത്രാൻ കരുതുന്നു.തന്നിൽ നിന്നും നന്മ പ്രതീക്ഷിക്കുന്നവരുണ്ടെങ്കിൽ തിന്മയിലേക്ക് തിരിച്ചുനടക്കുകയില്ല.
സത്യത്തിന്റെ പാതയിൽ സഞ്ചരിക്കുമ്പോൾ
ദു:ഖങ്ങളെയും ദുരന്തങ്ങളെയും മറികടക്കാനാവുമെന്നും മെത്രാന്റെ വാക്കുകൾ സൂചിപ്പിക്കുന്നു.

16.ഴാങ് വാൽ ഴാങിനോടുള്ള മെത്രാന്റെ പെരുമാറ്റത്തെ എങ്ങനെ വിലയിരുത്താം?

സമൂഹത്തിന്റെ കണ്ണിൽ ഴാങ് വാൽ ഴാങിന്റെ പ്രവൃത്തി കുറ്റകരമാണെങ്കിലും മെത്രാൻ അത് കുറ്റമായി കാണുന്നില്ല.
മനോഹരമായ ഒരു കള്ളം പറഞ്ഞ് ഴാങ് വാൽ ഴാങിന്റെ മനസ്സിൽ നന്മയുടെ വിത്തുപാകുകയാണ് മെത്രാൻ.പാപികളോട് പൊറുക്കുക എന്ന മഹത്തായ സന്ദേശമാണ് മെത്രാൻ നൽകുന്നത്.വിശക്കുന്നവന് ഭക്ഷണവും ആശ്രയവും നൽകുന്നതാണ് യഥാർത്ഥ മാനവികത.കുറ്റവാളിയോട് പൊറുക്കുകയും അയാൾക്ക് നേർവഴികാട്ടികൊടുക്കുകയും ചെയ്ത ഒരു യഥാർത്ഥ മനുഷ്യസ്നേഹിയാണ് മെത്രാൻ.

17.'പാവങ്ങൾ:ലോകസാഹിത്യത്തിലെ.നിത്യവിസ്മയം'-വിലയിരുത്തുക

ചരിത്രവും യാഥാർത്ഥ്യവും മനുഷ്യജീവിത ഭാവങ്ങളുമായി ഇഴചേർത്ത് ഹൃദയസ്പർശിയായി അവതരിപ്പിച്ച പാവങ്ങൾ വിശ്വസാഹിത്യത്തിലെ മഹാത്ഭുതമാണ്.വായന മനുഷ്യമനസ്സിനെ ശുദ്ധീകരിക്കുന്നു.വായനയിലൂടെ സാമൂഹ്യജീവിതാവസ്ഥകൾ തിരിച്ചറിയുകയും മാനുഷികമൂല്യങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുമ്പോൾ നാം ആത്മീയമായി ഔന്നത്യം പ്രാപിക്കുന്നു.മനുഷ്യമനസ്സുകളെ സംസ്കരിക്കുന്ന മഹത്തായ പാഠപുസ്തകമാണ് പാവങ്ങൾ.

തെറ്റുകുറ്റങ്ങൾ ചെയ്തവനോട് പൊറുക്കുക എന്നതാണ് മാനവികത.ജീവിതാവസ്ഥകളും മനുഷ്യത്വമില്ലാത്ത വിധികല്പനകളും ലോകത്തെല്ലായിടത്തും ഒരുപോലെയാണ്. നീതിയില്ലാത്ത നിയമവ്യവസ്ഥകൾ മനുഷ്യനെ കുറ്റവാളിയാക്കി ജീവിതദുരന്തത്തിലേക്ക് നയിക്കുന്നു.
.തെറ്റുകുറ്റങ്ങൾ ചെയ്തവനെ ശിക്ഷകൊണ്ട് തിരുത്താനാവില്ലെന്നും സ്നേഹവും കാരുണ്യവും കൊണ്ട് മാനസാന്തരപ്പെടുത്തി നന്മയുടെ വഴിയെ കൈപിടിച്ചുനടത്താൻ കഴിയുമെന്നും പാവങ്ങൾ ഉദ്ഘോഷിക്കുന്നു.മനുഷ്യരെ പിശാചാക്കുന്നത് ദാരിദ്ര്യവും അജ്ഞതയുമാണ്.അവയുടെ നിവാരണത്തിനാണ് ഭരണകർത്താക്കളും സാമൂഹികപരിഷ്കർത്താക്കളും ശ്രമിക്കേണ്ടതെന്ന് പാവങ്ങൾ നമ്മോട് വിളിച്ചുപറയുന്നു.

ഏതു രാജ്യത്തിലായാലും സമൂഹത്തിന്റെ താഴെക്കിടയിലുള്ള പാവങ്ങളായ മനുഷ്യരുടെ അവസ്ഥ ഒന്നുതന്നെയാണ്; അടിച്ചമർത്തപ്പെട്ടും ചൂഷണത്തിനിരയായും
ജീവിതത്തിന് മുന്നിൽ നിസ്സഹായരായി പകച്ചു നിൽക്കേണ്ടി വരുന്ന മനുഷ്യർ. മനുഷ്യസങ്കടങ്ങളുടെ മഹാഗാഥയാണ് പാവങ്ങൾ.അജ്ഞതയും കഷ്ടപ്പാടും പാവങ്ങളും ലോകത്ത്  ഉള്ള കാലത്തോളം പാവങ്ങൾ എന്ന നോവലിന്റെ പ്രസക്തി നഷ്ടപ്പെടില്ല.

**<u>കഥാപാത്രങ്ങൾ-സവിശേഷതകൾ</u>**

**<u>ഴാങ് വാൽ ഴാങ്</u>**

- സാഹചര്യങ്ങൾ മൂലം സഹോദരിയുടെയും കുഞ്ഞുങ്ങളുടെയും വിശപ്പടക്കാൻ മോഷ്ടിക്കുന്നു.
- ഒരു കഷ്ണം റൊട്ടി മോഷ്ടിച്ചതിന് പത്തൊൻപതു വർഷത്തെ കഠിനമായ ജയിൽ ശിക്ഷ അനുഭവിച്ചവൻ.
- മനുഷ്യത്വമില്ലാത്ത നീതിന്യായ വ്യവസ്ഥയുടെ ഇര.
- ഏതു പ്രതിസന്ധിയിലും സ്വന്തം തീരുമാനത്തിൽ ഉറച്ചു നിൽക്കുന്നവൻ.
- സ്വന്തം തെറ്റിൽ പശ്ചാത്തപിക്കുന്നവൻ.
- മെത്രാന്റെ വാക്കുകളാൽ മാനസാന്തരപ്പെടുന്നു.
- ജീവിതത്തിൽ തിന്മയ്ക്ക് സ്ഥിരമായി നിലനില്പില്ല എന്ന് സ്വന്തം ജീവിതത്തിലൂടെ തെളിയിക്കുന്നു.
- അനാഥർക്ക് ആശ്രയം നൽകിയവൻ.
- മറ്റുള്ളവർക്കുവേണ്ടി സൗഭാഗ്യങ്ങൾ ത്യജിച്ചവൻ.
- സ്നേഹത്താലും കാരുണ്യത്താലും ജീവിതദുരിതങ്ങളെ മറികടക്കുന്നു.

**<u>മെത്രാൻ</u>**

- പാരീസിലെ ഡി പട്ടണത്തിലെ മെത്രാനായിരുന്നു മൊസ്യു ഷാർളെ ബിയാങ് വെന്യു മിറിയേൽ.
- യഥാർത്ഥ മനുഷ്യസ്നേഹി.
- നന്മയുടെ പ്രതീകം.
- സ്നേഹവും കാരുണ്യവും ജീവിതത്തെ ഭയരഹിതമാക്കും. എല്ലാത്തരം ഭയപ്പാടുകൾക്കും അതീതനാണ് മെത്രാൻ.
- വിശക്കുന്നവന് ഭക്ഷണവും ആശ്രയവും നൽകിയ മെത്രാൻ ദൈവതുല്യനായിത്തീരുന്നു.
- മനുഷ്യനന്മയിൽ ഊന്നിയ ജീവിതം.
- മെത്രാന്റെ ജീവിതത്തിൽ ഭൗതികവസ്തുക്കൾക്ക് സ്ഥാനമില്ല.സ്വകാര്യസ്വത്തിനപ്പുറമാണ് മെത്രാന്റെ മാനവികത.
- ലാളിത്യം ജീവിതത്തെ സുന്ദരമാക്കുന്നു എന്ന സന്ദേശം നൽകുന്നു.
- എല്ലാവരേയും ഒരുപോലെ സ്നേഹിക്കുന്നു.
- കുറ്റവാളിയിലും നന്മകാണുന്നു.
- സ്നേഹവും കാരുണ്യവും കൊണ്ട് ഴാങ് വാൽ ഴാങിനെ നന്മയിലേക്കു നയിക്കുന്നു.
- പാപികളോടു പൊറുക്കുക എന്ന മഹത്തായ സന്ദേശം മെത്രാൻ പങ്കുവയ്ക്കുന്നു.

- സമത്വവും സാഹോദര്യവും പുലർത്തുന്ന ജീവിതകാഴ്ചപ്പാട്.
- ഏതൊരാളെയും സഹോദരനും സ്നേഹിതനുമായി കാണുന്ന വിശ്വമാനവികതയുടെ പ്രതീകം.

---

# Unit:2
# 'അനുഭൂതികൾ ആവിഷ്കാരങ്ങൾ'
## Chapter:1
## വിശ്വരൂപം

1."രൂപം കൊണ്ട് പിടികിട്ടാത്ത വ്യക്തിയെ സ്വരം കൊണ്ട് തിരിച്ചറിഞ്ഞു അയാളും അമ്പരന്ന് നിന്നു".ഈ സന്ദർഭത്തിൽ പ്രകടമാകുന്ന ഭാവം എന്താണ്?

വളരെക്കാലത്തിനു ശേഷം യാദൃച്ഛികമായി കണ്ടതിലുള്ള അത്ഭുതം ഈ വാക്യത്തിൽ കാണാം.കാലം വരുത്തിയ മാറ്റങ്ങൾ കാരണം രൂപംകൊണ്ട് തിരിച്ചറിയാനായില്ല. ദീർഘകാലത്തെ വേർപാടിനു ശേഷം കണ്ടപ്പോൾ ആഴത്തിലുള്ള ആത്മബന്ധത്താൽ സ്വരം കൊണ്ട് തിരിച്ചറിയുന്നു.

2."കണ്ണുകളിൽ നിന്ന് നീർ ഒഴുകിയൊഴുകി വീണു.അവരുടേത് അയാളുടെ തലയിലും-അയാളുടേത് അവരുടെ തോളത്തും.തങ്ങൾക്ക് രണ്ടുപേർക്കും പ്രിയപ്പെട്ടതായിരുന്നതും തങ്ങളെ കൂട്ടിയിണക്കിയിരുന്നതുമായ ഒരു വ്യക്തിയുടെ സ്മരണ അതിലൂടെ ഒലിച്ചിറങ്ങി".
ഈ സന്ദർഭത്തിന് കഥയിലുള്ള സ്ഥാനമെന്ത്?വിശകലനം ചെയ്യുക.

കഥാപാത്രങ്ങളുടെ മാനസികാവസ്ഥ പ്രകടമാകുന്ന കഥയിലെ നിർണായക മുഹൂർത്തമാണിത്.വർഷങ്ങൾക്കുശേഷമുള്ള കണ്ടുമുട്ടലായിരുന്നു അത്. താഴത്തു കുഞ്ഞിക്കുട്ടിയമ്മയെയും സുധീറിനെയും കൂട്ടിയിണക്കിയിരുന്ന കണ്ണിയായിരുന്നു മിസ്റ്റർ തലത്ത്.സുധീറിന് മിസ്റ്റർ തലത്ത് പിതൃതുല്യനായിരുന്നു.മിസ്റ്റർ തലത്തിനു വേണ്ടി രൂപപ്പെടുത്തിയ ജീവിതമായിരുന്നു മിസ്സിസ് തലത്തിന്റേത്.
അദ്ദേഹം ഇന്നില്ല.അദ്ദേഹത്തിന്റെ അസാന്നിധ്യവും അദ്ദേഹത്തെക്കുറിച്ചുള്ള ഓർമ്മകളും സുധീറിലും മിസ്സിസ് തലത്തിലും വേദന നിറച്ചു.
സുധീറിന്റെയും മിസ്സിസ് തലത്തിന്റെയും ഈ കണ്ടുമുട്ടൽ വായനക്കാരിൽ ആകാംക്ഷ ജനിപ്പിക്കുകയും കഥാഗതിയെ സ്വാധീനിക്കുകയും ചെയ്യുന്നു.

3."ആ പാണികൾ ഗ്രഹിച്ചപ്പോൾ ഇന്നത്തെപ്പോലെയുള്ള ചൂട് ഇല്ലായിരുന്നുവെന്ന് അയാൾ ഓർത്തു" .ഈ വാക്യം നൽകുന്ന അർത്ഥസാധ്യതകൾ എന്തെല്ലാം?

സുധീർ  മിസ്സിസ് തലത്തിനെ  ആദ്യം കണ്ട സന്ദർഭം ഓർക്കുന്നു.അന്ന് മിസ്സിസ് തലത്തിന്റെ കൈകൾക്ക് ഇന്നത്തെപ്പോലെയുള്ള ചൂട് ഇല്ലായിരുന്നു. സ്നേഹത്തിന്റെ ചൂട് ഇല്ലാത്തതിനാൽ ഔപചാരികമായ കൈകൊടുക്കൽ മാത്രം. ഇന്ന് താഴത്തു കുഞ്ഞിക്കുട്ടിയമ്മയായി മാറിയ മിസ്സിസ് തലത്തിന്റെ മാതൃതുല്യമായ സ്നേഹത്തിന്റെ ചൂട് സുധീർ അനുഭവിക്കുന്നു.

4."കൊടുത്തതു മാത്രമേ നേടാനൊക്കൂ,അല്ലേ സുധീർ.ഞാൻ ആർക്കും ഒന്നും കൊടുത്തില്ലല്ലോ?"
ഈ വാക്യത്തിന്റെ പൊരുൾ എന്ത്?

മിസ്സിസ് തലത്ത്
മക്കൾക്കും അച്ഛനമ്മമാർക്കും സ്നേഹം കൊടുത്തിട്ടില്ല.അതുകൊണ്ട് തന്നെ അവരുടെ സ്നേഹം മിസ്സിസ് തലത്ത് പ്രതീക്ഷിക്കുന്നില്ല.വാത്സല്യവും സ്നേഹവും നൽകാതെ നാല് മക്കളെ ബോർഡിങ്ങിൽ നിർത്തി വളർത്തി.വൃദ്ധയായ അവരുടെ അമ്മ മകളെ കാണാനുള്ള ആഗ്രഹത്താൽ തുടരെത്തുടരെ എഴുത്തുകൾ എഴുതി.നാട്ടിൽ പോകാൻ ഇഷ്ടമല്ലാത്തതിനാൽ ആ കത്തിന് യാതൊരു പ്രാധാന്യവും നൽകിയില്ല.
മിസ്സിസ് തലത്തായി ജീവിക്കുന്നതിനിടയിൽ മാതാപിതാക്കളെ സ്നേഹിക്കാനോ മക്കളെ സ്നേഹിക്കാനോ അവർക്ക് കഴിഞ്ഞില്ല. അതിലുള്ള കുറ്റബോധം ഈ വാക്കുകളിൽ
കാണാം

5."മിസ്സിസ് തലത്ത് ഇപ്പോഴും സ്വന്തം യജമാനത്തിയായിത്തന്നെയിരിക്കുന്നു.ചക്രവർത്തിനിയുടെ ജന്മമാണ് അവർക്ക്".സുധീർ ഇപ്രകാരം ചിന്തിക്കാനുള്ള കാരണം എന്ത്?

മിസ്സിസ് തലത്തായി  മഹാറാണിയെപ്പോല
ജീവിച്ച അവരുടെ ജീവിതം ഇന്നാകെ മാറിപ്പോയി.ആരുടെയും ആശ്രിതയായി കഴിയാൻ അവർ ഇപ്പോഴും ഇഷ്ടപ്പെടുന്നില്ല.
ഈ ഒരു സാഹചര്യത്തിലും ചക്രവർത്തിനിയെപ്പോലെ അവർ ജീവിക്കുന്നു.

6.മിസ്സിസ് തലത്തിന്റെ ജീവിതത്തെ കുറിച്ച് വിവരിക്കുക

സുധീറിന്റെ ഓർമ്മകളിലൂടെ കഥയിൽ മിസ്സിസ് തലത്തിന്റെ ജീവിതം ചിത്രീകരിച്ചിരിക്കുന്നു. പാവപ്പെട്ട കുടുംബത്തിൽ ജനിച്ചു.നയതന്ത്ര പ്രതിനിധിയായ മിസ്റ്റർ തലത്തിന്റെ ഭാര്യയായ അവർ വേഷത്തിലും ഭാവത്തിലും മഹാറാണിയുടെ അന്തസ്സ് പ്രകടിപ്പിച്ചു.ഭാരതീയ സ്ത്രീത്വത്തിന്റെ അംബാസഡർ എന്ന് മറ്റുള്ളവർ അവരെ വിശേഷിപ്പിച്ചു.മാതൃത്വത്തിന്റെ സവിശേഷതകളൊന്നും അവർ പ്രകടിപ്പിച്ചിട്ടില്ല.ഭാരതീയസംസ്കാരം മറന്ന അവർ ഔപചാരികയോടെ മറ്റുള്ളവരോട് പെരുമാറി.കൃത്രിമ പ്രൗഢി കാത്തുസൂക്ഷിച്ചിരുന്ന അവർക്ക് പാവപ്പെട്ടവരോട് പുച്ഛമായിരുന്നു.അവർക്ക് കുടുംബത്തോടും ജന്മനാടിനോടും അവജ്ഞയായിരുന്നു.സങ്കീർണമായ. പ്രശ്നങ്ങളെ അവർ ചിരിച്ചുകൊണ്ട് നേരിട്ടു.
ഭർത്താവിനുവേണ്ടി സമർപ്പിച്ച ജീവിതമായിരുന്നു ആവരുടേത്.

7.'മിസ്റ്റർ തലത്ത്' എന്ന കഥാപാത്രത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

നയതന്ത്ര ഉദ്യോഗസ്ഥനായ മിസ്റ്റർ തലത്ത് ശാന്തനും പണ്ഡിതനും ഹൃദയാലുവുമായ വ്യക്തിയാണ്.കുടുംബത്തെക്കുറിച്ചും ബന്ധുക്കളെക്കുറിച്ചും നാടിനെക്കുറിച്ചും ഓർക്കുന്നത് അദ്ദേഹത്തിന് ഒരു ലഹരിയാണ്.അമ്മ,അമ്മൂമ്മ തുടങ്ങിയ രക്തബന്ധങ്ങൾക്ക് അദ്ദേഹം പ്രാധാന്യം നൽകി.ഭാരതീയസംസ്കാരത്തിൽ അഭിമാനം കൊള്ളുന്നു. നേടുന്നതിനെക്കാൾ കൊടുക്കുന്നതിൽ സംതൃപ്തി കണ്ടെത്തുന്നു.ഭാര്യയുടെ പ്രവൃത്തികളെ അംഗീകരിക്കുകയും പുകഴ്ത്തുകയും ചെയ്യുന്നു.

8.താഴത്തു കുഞ്ഞിക്കുട്ടിയമ്മയുടെ ജീവിതം വിവരിക്കുക

മിസ്സിസ് തലത്തായി ജീവിച്ച അവർ ജീവിതസായാഹ്നത്തിൽ സ്വന്തം സ്വത്വത്തിലേക്ക് മടങ്ങിപ്പോകുന്നു.മിസ്സിസ് തലത്ത്,താഴത്തു കുഞ്ഞിക്കുട്ടിയമ്മ എന്നീ പേരുകൾ നൽകുന്ന സൂചനകൾ അതാണ്.പേരിനോടൊപ്പം രൂപവും ഭാവവും സംസ്കാരവും മാറുന്നു.ഏകാന്തമായി ആശ്രമതുല്യമായ ജീവിതം നയിക്കുന്നു.സ്നേഹം, സഹാനുഭൂതി,വിനയം എന്നിവ ഉള്ളപ്പോഴും ചിലനിലപാടുകളിൽ മാറ്റമില്ല.വാർദ്ധക്യകാലത്തിലും ആരുടെ മുന്നിലും തലകുനിക്കാൻ അവർ ഇഷ്ടപ്പെടുന്നില്ല.മാതാപിതാക്കളെ സംരക്ഷിക്കാത്തതിലും മക്കൾക്ക് ഒരമ്മയുടെ സ്നേഹവാത്സല്യങ്ങൾ നൽകാത്തതിലും അവർക്ക് കുറ്റബോധമുണ്ട്.തിരിച്ചറിവുകളിൽ നിന്നും പാഠമുൾക്കൊണ്ട് അവർ ജീവിക്കുന്നു.

9.താഴത്തു കുഞ്ഞിക്കുട്ടിയമ്മയുടെ ജീവിതം നമുക്കു നൽകുന്ന സന്ദേശം എന്ത്?

രക്തബന്ധങ്ങൾക്കപ്പുറം മനുഷ്യബന്ധങ്ങളെ ദൃഢമാക്കുന്നത് സ്നേഹബന്ധങ്ങളാണ്.കുടുംബബന്ധങ്ങൾ ഊഷ്മളമായി നിലനിർത്തണം.ജീവിതസാഹചര്യങ്ങൾ മനുഷ്യന്റെ കാഴ്ചപ്പാട് രൂപീകരിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു.കുടുംബബന്ധങ്ങൾ ശിഥിലമാകുന്ന ആധുനികകാലത്തിൽ കുടുംബബന്ധങ്ങൾ ദൃഢമായി നിലനിർത്താൻ കഥ പ്രേരിപ്പിക്കുന്നു.

10."കാലത്തിനും ദേശത്തിനുമനുസരിച്ച് ജീവിതം സ്വയം രൂപപ്പെടുകയാണ്".സുധീർ ഇപ്രകാരം അഭിപ്രായപ്പെടാനുള്ള കാരണം എന്ത്?

മിസ്സിസ് തലത്തിന്റെ ജീവിതത്തിലെ രണ്ടവസ്ഥകളാണ് ഇതിലൂടെ വെളിപ്പെടുന്നത്. സുധീറിന്റെ മനസ്സിൽ മിസ്സിസ് തലത്തിന്റെ ഒരു രൂപമുണ്ട്.ഭാരതീയ സ്ത്രീത്വത്തിന്റെ അംബാസഡർ എന്നു വിശേഷിപ്പിക്കപ്പെട്ട പ്രൗഢഗംഭീരയായ ഒരു സ്ത്രീ.മാതൃത്വത്തിന്റെ സവിശേഷഭാവങ്ങളൊന്നും അവരിൽ കാണാൻ കഴിയുമായിരുന്നില്ല.
മിസ്റ്റർ തലത്തിന്റെ മരണത്തോടെ അവരുടെ ജീവിതം ആകെ മാറിപ്പോയി. സുധീർ ഇന്ന് കാണുന്നത് തപസ്വിനിയെപ്പോലുള്ള ഒരു വൃദ്ധയെയാണ്.

ആരുടെ മുന്നിലും തലകുനിക്കാത്ത അവർ സുധീറിന്റെ മുന്നിൽ  അലിവുള്ള അമ്മയായി മാറുന്നു.

11"ഞാൻ ഇന്ത്യയിൽ ജനിക്കാനാഗ്രഹിക്കുന്നു മാഡം.ഇന്ത്യ എത്ര നല്ല നാടാണ്".ഇന്ത്യയിൽ ജനിക്കാനാഗ്രഹിക്കുന്നു എന്ന് വൃദ്ധൻ പറയാനുള്ള കാരണം എന്താവാം?

മാതാപിതാക്കളെ ദൈവതുല്യരായി കാണുന്ന; കുടുംബബന്ധങ്ങൾക്ക് വളരെയേറെ പ്രാധാന്യം കല്പിക്കുന്ന സംസ്കാരമാണ് നമ്മുടേത്. വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കുന്നത് തങ്ങളുടെ കടമയായി മക്കൾ കാണുന്നു.ഇന്ത്യയിലായിരുന്നെങ്കിൽ മക്കൾ തന്നെ സംരക്ഷിച്ചേനേ എന്നു കരുതിയാവാം വൃദ്ധൻ ഇപ്രകാരം അഭിപ്രായപ്പെട്ടത്.

12."നോക്കൂ നമുക്ക് അഞ്ചാമതൊരു കുട്ടി ഉണ്ടായിരിക്കുന്നു.ഒരു മകൻ.പക്ഷേ ഒരു വ്യത്യാസമുണ്ട്. ഇവൻ കുറച്ചുനാൾ നമ്മോടുകൂടി താമസിക്കും".ഇങ്ങനെ പറയാൻ ഡോ.തലത്തിനെ പ്രേരിപ്പിച്ച പശ്ചാത്തലം എന്താവാം?

ഡോ.തലത്തിന്റെ കുട്ടികൾ നാല് പേരും ബോർഡിങ്ങിലും ഹോസ്റ്റലുകളിലുമായാണ് വളർന്നത്. സെക്രട്ടറിയായി വന്ന സുധീറിനെ അഞ്ചാമത്തെ കുട്ടിയായി പരിചയപ്പെടുത്തുന്നു.സ്വന്തം മക്കൾ വീട്ടിൽ നിന്നും അകന്നുകഴിയുന്നതിലുള്ള മിസ്റ്റർ തലത്തിന്റെ ദു:ഖമാണ് ഇവിടെ പ്രകടമാകുന്നത്.

13."കുട്ടികളെ അമ്മതന്നെ വളർത്തണം.ശാസിക്കയും ലാളിക്കയും കൂട്ടുകൂടുകയും വേണം.എങ്കിലേ അമ്മ എന്നത് കുട്ടികളുടെ ഒരു ഭാഗവും കുട്ടികൾ അമ്മയുടെ ഒരു ഭാഗവുമായിത്തീരുകയുള്ളൂ".

"ഒന്നുമില്ലെങ്കിൽ എല്ലാറ്റിനുമുപരിയായി  നല്ല കുറേ ഓർമ്മകളെങ്കിലും നമ്മോടുകൂടി ഉണ്ടാവുമല്ലോ.
ഓർമ്മകൾ…. അതുമാത്രമേ വാർദ്ധക്യത്തിനവകാശപ്പെട്ടതായുള്ളൂ സുധീർ"

ഈ വാക്കുകളിൽ നിഴലിക്കുന്നത് എന്ത്?

മിസ്സിസ് തലത്തിന്റെ മനസ്സിലെ കുറ്റബോധത്തിന്റെ പ്രതിഫലനമാണ് ഈ വാക്കുകൾ. മാതാപിതാക്കൾ കുട്ടികളെ സംരക്ഷിക്കുന്നത്.വാർദ്ധക്യകാലത്ത് തണലാകും എന്നു കരുതിയല്ല.ജീവിക്കുന്ന സമയത്ത് മക്കളെ സ്നേഹിച്ചും ലാളിച്ചും ശാസിച്ചും വളർത്തുക.എങ്കിലേ കുടുംബബന്ധം ദൃഢമാവൂ.
ആ നല്ല ഓർമ്മകൾ പിന്നീടുള്ള ജീവിതത്തിന് ഊർജം പകരും.പോയകാലത്തെ സ്മരണകളെ വാർദ്ധക്യകാലത്തിൽ തുണയായി കാണുകയുള്ളൂ.

14.'വിശ്വരൂപം'എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക.

ഭർത്താവായ ഡോ.തലത്തിനുവേണ്ടി രൂപപ്പെടുത്തിയ ജീവിതമായിരുന്നു മിസ്സിസ് തലത്തിന്റേത്.കുട്ടികളെ സ്നേഹിക്കാനോ ലാളിക്കാനോ അവർക്ക് കഴിഞ്ഞില്ല.ഡോ.തലത്തിന്റെ മരണത്തോടെ അവർ ലേഡി തലത്തായുള്ള ജീവിതം അവസാനിപ്പിച്ചു.താഴത്തു കുഞ്ഞിക്കുട്ടിയമ്മയായി പഴയ ജീവിതം തിരിച്ചെടുക്കുകയാണ് അവർ.സ്ത്രീയിൽ ജന്മസിദ്ധമായുള്ള മാതൃത്വത്തിലേക്കുള്ള തിരിച്ചുപോക്കായിരുന്നു അത്. അഞ്ചാമത്തെ കുട്ടിയായി കരുതിയിരുന്ന സുധീർ അവരെ കാണാനെത്തുന്നു.
സ്തീയുടെ വിശ്വരൂപം എന്നത് അമ്മയാവുക എന്നതാണ്. മാതൃത്വത്തിന്റെ വിശ്വരൂപം പ്രകടമാകുന്ന അമ്മയായി താഴത്ത് കുഞ്ഞിക്കുട്ടിയമ്മയായി സുധീറിന് മുന്നിൽ അവർ മാറുന്നു.

15.സുധീർ എന്ന കഥാപാത്രത്തിന് കഥയിലുള്ള സ്ഥാനം വിലയിരുത്തുക

കഥാഗതിയെ നിയന്ത്രിച്ച് കഥയിൽ ആദ്യാവസാനം നിറഞ്ഞുനിൽക്കുന്ന കഥാപാത്രമാണ് സുധീർ.സുധീറിന്റെ കാഴ്ചകളിലൂടെയാണ് കഥ ആരംഭിക്കുന്നത്.സുധീറിന്റെ ഓർമ്മകളിലൂടെ കഥ വികസിക്കുന്നു.കഥയിലെ കേന്ദ്രകഥാപാത്രമായ മിസ്സിസ് തലത്തിന്റെ ജീവിതത്തിന്റെ വ്യത്യസ്താവസ്ഥകളെ വായനക്കാർക്ക് പരിചയപ്പെടുത്തുന്നത് സുധീറാണ്.ബന്ധങ്ങൾക്ക് വിലകല്പിക്കുന്ന ഉപകാരസ്മരണപുലർത്തുന്ന കഥാപാത്രമാണ് സുധീർ.അച്ഛനമ്മമാരെക്കുറിച്ചും കുടുംബത്തെക്കുറിച്ചും നല്ല ഓർമ്മകൾ മാത്രമേ സുധീറിനുള്ളൂ.കഥാകൃത്തിന്റെ കാഴ്ചപ്പാട് അവതരിപ്പിക്കുന്ന കഥാപാത്രമാണ് സുധീർ.

---

## 'അനുഭൂതികൾ ആവിഷ്കാരങ്ങൾ'
## Chapter:2
## പ്രിയദർശനം

1."കഷ്ടകാലമഖിലം കഴിഞ്ഞു ഹാ!
നളിനി ഇപ്രകാരം പറയാനുള്ള കാരണം എന്ത്?

ദിവാകരനെ ഒരു നോക്കു കാണുക എന്നതായിരുന്നു നളിനിയുടെ ആഗ്രഹം.ഈ രൂപത്തിലെങ്കിലും ദിവാകരനെ ദർശിക്കാനായത് തന്റെ ഭാഗ്യമായി നളിനി കരുതുന്നു.അതുകൊണ്ടുതന്നെ കഷ്ടകാലമെല്ലാം കഴിഞ്ഞു.നളിനിയുടെ ജീവിതലക്ഷ്യം തന്നെ ദിവാകരനെ കാണുക എന്നതായിരുന്നു.ദിവാകരനെ കണ്ടതിലുള്ള നളിനിയുടെ ആശ്വാസം ഹാ!ശബ്ദത്തിൽ കാണാം.

2."ഭവാനുപണ്ടിഷ്ടയാം' നളിനി'ഞാൻ മഹാമതേ".
നളിനി തന്നെ ഇപ്രകാരം പരിചയപ്പെടുത്തിയത് എന്തുകൊണ്ട്?

ബാല്യകാലത്ത് ദിവാകരന് തന്നോടുണ്ടായിരുന്ന സ്നേഹം ഇപ്പോഴുമുണ്ടോ എന്ന് നളിനിക്കറിയില്ല.'പണ്ട്'എന്ന പ്രയോഗത്തിലൂടെ ദിവാകരന് തന്നോടുള്ള

മനോഭാവം എന്താണെന്ന് മനസ്സിലാക്കാൻ കഴിയാത്ത നളിനിയുടെ ആശങ്ക വെളിപ്പെടുന്നു.

3."പ്രാണനോടുമൊരുനാൾ ഭവൽപദം
കാണുവാൻ ചിരമഹോ കൊതിച്ചു ഞാൻ
കേണുവാണിവിടെ , യേകുമർഥിയാം,പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ"
നളിനിയുടെ ഈ വാക്കുകളുടെ പൊരുൾ എന്ത്?

ജീവിച്ചിരിക്കുമ്പോൾ ഒരുതവണയെങ്കിലും ദിവാകരനെ കാണാനായി നളിനി ആഗ്രഹിച്ചിരുന്നു.വളരെക്കാലമായി അതിനുവേണ്ടി പരിശ്രമിക്കുകയും കാത്തിരിക്കുകയും ചെയ്തു. ഇന്നത് ഈശ്വരാനുഗ്രഹംകൊണ്ടു സാധിച്ചുവെന്ന് നളിനി പറയുന്നു.ഉള്ളുരുകി പ്രാർത്ഥിക്കുന്നവന്റെ ആഗ്രഹം ഒരുനാൾ സാധിക്കുമെന്ന് സ്വന്തം അനുഭവം കൊണ്ട് നളിനി സമർത്ഥിക്കുന്നു.അതിതീവ്രമായ ഒരു ആഗ്രഹം നമുക്കുണ്ടെങ്കിൽ ആ ലക്ഷ്യത്തിനുവേണ്ടി ആത്മാർത്ഥമായി പരിശ്രമിക്കുകയാണെങ്കിൽ അത് സാധിക്കും എന്ന ശുഭാപ്തിവിശ്വാസമാണ് നളിനിയിലൂടെ ആശാൻ ഇവിടെ പ്രകടിപ്പിക്കുന്നത്.

4."സന്ന്യസിച്ചുളവുമാസ്ഥയാൽ ഭവാൻ
തന്നെയോർത്തിഹ തപസ്സിൽ വാണു ഞാൻ
ധന്യയായ് സപദി കാൺകമൂലമ-
ങ്ങനെയോർക്കികിലുമോർത്തിടായ്കിലും".
ആശയം വിശദമാക്കുക.

സന്ന്യാസിയായി കഴിയുമ്പോഴും അങ്ങയെ മനസ്സിൽ ധ്യാനിച്ചു കഴിഞ്ഞു.അങ്ങ് എന്നെ ഓർത്താലും ഇല്ലെങ്കിലും അങ്ങയെ ഇപ്പോൾ കണ്ടുമുട്ടിയ ഞാൻ ധന്യയായ് എന്ന് നളിനി ദിവാകരനെ അറിയിക്കുന്നു.

എല്ലാ ബന്ധങ്ങളും ഉപേക്ഷിക്കുന്ന സന്ന്യാസജീവിതത്തിലും നളിനി ദിവാകരനെ മറന്നില്ല.ആരെ കാണണമെന്നാണോ അവൾ തീവ്രമായി ആഗ്രഹിച്ചത് അത് സാധിച്ചു.അതിനാലാണ് താൻ ധന്യയായ് എന്ന് അവൾ പറയുന്നത്.തന്നെ ദിവാകരൻ. തിരിച്ചറിയാത്തതിലുള്ള സങ്കടമാണ് 'ഓർക്കികിലും ഓർത്തിടായ്കിലും' എന്ന വരികളിൽ കാണുന്നത്.

5."ഏവമോതി ഇടരാർന്നു കണ്ണുനീർ തൂവിനാൾ മൊഴികുഴങ്ങി നിന്നവൾ
ഭാവശാലികൾ പിരിഞ്ഞുകൂടിയാ-
ലീവിധം വികലം സുഖോദയം".
സുഖോദയം വികലമായ് തീരാനുള്ള കാരണം എന്ത്?

അപ്രതീക്ഷിതമായി ദിവാകരനെ കണ്ട നളിനിയുടെ വികാരപാരവശ്യം വെളിപ്പെടുത്തുന്ന വരികളാണിവ.ഭാവശാലികൾ(സ്നേഹമുള്ളവർ) വളരെക്കാലത്തെ വേർപാടിനുശേഷം ഒത്തുകൂടുമ്പോൾ ആനന്ദാതിരേകത്താൽ രംഗം വികലമാകും.ദീർഘനാളത്തെ വിയോഗത്തിനുശേഷമാണ് നളിനിയും ദിവാകരനും പരസ്പരം

കാണുന്നത്.ഏറെക്കാലം വേർപിരിഞ്ഞതിലുള്ള ദു:ഖത്താലും അപ്രതീക്ഷിതമായി കണ്ടുമുട്ടിയതിലുള്ള സന്തോഷത്താലും സുഖദു:ഖസമ്മിശ്രമായ മാനസികാവസ്ഥയിലൂടെ നളിനി കടന്നുപോകുന്നു.അതുകൊണ്ടാണ് സ്നേഹമുള്ളവർ  വേർപിരിഞ്ഞ ശേഷം ഒത്തുചേരുമ്പോഴുള്ള സുഖം വികലമാണെന്നു പറയുന്നത്.

6."ധീരനായ യതി നോക്കി തന്വിതൻ
ഭൂരിബാഷ്പപരിപാടലം മുഖം
പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ
ധാരയാർന്ന പനിനീർസുമോപമം".
ആശയഭംഗിയും ചമത്കാരഭംഗിയും കണ്ടെത്തുക.

നളിനീദിവാകരസമാഗമമാണ് സന്ദർഭം.കഥാപാത്രങ്ങളെ സൂക്ഷ്മമായി ചിത്രീകരിച്ചിരിക്കുന്നു.ദിവാകരനെ കാണുക എന്നുള്ള ആഗ്രഹം സാധിച്ചതിലുള്ള സന്തോഷവും ദിവാകരൻ തന്നെ തിരിച്ചറിയാത്തതിലുള്ള ദു:ഖവും നളിനിയെ വികാരപരവശയാക്കി.നളിനിയുടെ വികാരപാരവശ്യം ദിവാകരനിൽ മാറ്റമൊന്നും ഉണ്ടാക്കിയില്ല.ധീരനായി നോക്കിനിൽക്കുകയാണയാൾ.

ദിവാകരനെ സൂര്യനോടും നളിനിയെ പനിനീർപ്പൂവിനോടും ഉപമിച്ചിരിക്കുന്നു. നളിനിയുടെ ഏറെ വിയർത്തും കണ്ണുനീർ തൂകിയും ചുവന്നുതുടുത്തതുമായ മുഖം പ്രഭാതത്തിൽ ഉദയകിരണങ്ങളേറ്റു വിടർന്ന് മഞ്ഞുതുള്ളികളാൽ ഏറെ ശോഭിക്കുന്ന പനിനീർപ്പൂവ് പോലെ കാണപ്പെട്ടു.
പനിനീർപ്പൂവിൽ ഇറ്റുനിൽക്കുന്ന മഞ്ഞുകണങ്ങൾ സൂര്യകിരണ്ണങ്ങളേറ്റ്  നീരാവിയായിത്തീരുന്നതുപോലെ നളിനിയുടെ ദു:ഖവും ദിവാകരനെ കണ്ടതോടെ ഇല്ലാതായിത്തീരും എന്ന് കവി വ്യംഗ്യമായി സൂചിപ്പിക്കുന്നു.

ദിവാകരന് സൂര്യൻ എന്നും നളിനിക്ക് താമര എന്നും അർത്ഥമുണ്ട്.സൂര്യന്റെ കാമുകിയാണ് താമര എന്നാണ് കവി സങ്കല്പം.പ്രഭാതത്തിൽ സൂര്യകിണങ്ങളേറ്റ് താമരപ്പൂ വിടരുന്നു.സൂര്യന്റെ സാന്നിധ്യം താമരപ്പൂവിന് സന്തോഷം പകരുന്നതുപോലെ
ദിവാകരസാന്നിധ്യം നളിനിയിൽ സന്തോഷം നിറയ്ക്കുന്നു എന്നൊരു കല്പനയും ഇവിടുണ്ട്.

7."ആരതെന്നുടനറിഞ്ഞു കൗതുകം
പാരമാർന്നു കരുതിപ്പുരാഗതം
ചാരുശൈശവകഥയ്ക്കുതന്നെ ചേർ-
ന്നൊരു വാക്കരുളിനാൻ കനിഞ്ഞവൻ".

ശൈശവ കഥക്കു ചേരുന്ന വാക്കിനാൽ ദിവാകരൻ അവളോട് പറഞ്ഞു എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്?

നളിനിയെ തിരിച്ചറിഞ്ഞതുകൊണ്ടും ബാല്യകാലം ഓർമ്മ വന്നതുകൊണ്ടും അന്നത്തെ ശൈശവകാലത്തിലെ ഭാവത്തിനിണങ്ങുന്ന രീതിയിൽത്തന്നെ ദിവാകരൻ കാര്യങ്ങൾ പറഞ്ഞു.അത് നളിനിയെ സമാധാനിപ്പിക്കാൻ കൂടിയാണ്. പണ്ടുണ്ടായിരുന്ന നിഷ്കളങ്കമായ ഉപാധികളില്ലാത്ത അതേ സ്നേഹവും അലിവും ദിവാകരന് നളിനിയോട് ഇപ്പോഴുമുണ്ട് എന്ന് ഈ വരികൾ സൂചിപ്പിക്കുന്നു.

8.."കണ്ടുടൻ സ്വയമറിഞ്ഞിടാത്തതോർ-
ത്തിണ്ടൽ വേണ്ട സഖി!കേണിടേണ്ട കേൾ,
പണ്ടു നിന്നെയോരിളംകുരുന്നതായ്
കണ്ടു ഞാൻ,സപദി വല്ലിയായി നീ".

കണ്ടമാത്രയിൽ നളിനിയെ തിരിച്ചറിയാത്തതിലുള്ള കാരണങ്ങൾ ദിവാകരൻ സമർത്ഥിക്കുന്നതെങ്ങനെ?

തനിക്ക് നളിനിയെ തിരിച്ചറിയാൻ കഴിയാഞ്ഞത് എന്തുകൊണ്ടാണെന്നു ദിവാകരൻ വ്യക്തമാക്കുന്നു. അന്ന് നളിനി ഒരു ഇളംകുരുന്നായിരുന്നു.ഇന്ന് ഒരു വള്ളിച്ചെടിയായി മാറി.ഇളംകുരുന്ന് എന്നുള്ള പ്രയോഗം ബാല്യാവസ്ഥയേയും വള്ളിച്ചെടി എന്നുള്ള പ്രയോഗം യൗവ്വനാവസ്ഥയേയും സൂചിപ്പിക്കുന്നു. ബാല്യകൗമാരങ്ങൾ പിന്നിട്ട് യൗവ്വനാവസ്ഥയിൽ എത്തിയ ഒരു യുവതിയായി നളിനി മാറി.നളിനിക്ക് ശാരിരികമായി ഒരുപാട് മാറ്റങ്ങൾ ഉണ്ടായി. അതുകൊണ്ട് മാത്രമാണ് നളിനിയെ തിരിച്ചറിയാഞ്ഞതെന്ന് ദിവാകരൻ പറയുന്നു.

9.എന്തുകൊണ്ടാവാം ദിവാകരൻ  നളിനിയെ തിരിച്ചറിയാഞ്ഞത്

രൂപപരമായ മാറ്റത്താൽ ദിവാകരൻ നളിനിയെ തിരിച്ചറിയുന്നില്ല.ഇതുപോലൊരു പർവ്വതത്തിൽവച്ചു നളിനിയെ കണ്ടുമുട്ടുമെന്ന് ദിവാകരൻ ഒരിക്കലും പ്രതീക്ഷിക്കുന്നില്ല.ജീവിതത്തിലെ എല്ലാ ആഗ്രഹങ്ങളും വെടിഞ്ഞ് സന്യാസജീവിതം നയിക്കുന്നയാൾ ഒരിക്കലും പഴയകാല ജീവിതത്തെക്കുറിച്ചു ചിന്തിക്കാനിടയില്ല.

10.എന്നിൽ നിന്നണുവുമേൽക്കിലപ്രിയം
നിന്നു കേഴുമയി!കണ്ടിടുന്നിതേ
നിന്നിലിപ്രണയചാപലത്തെ ഞാ-
നന്നുമിന്നുമൊരുപോലെ വത്സലേ!
ദിവാകരന്റെ ഈ വാക്കുകളുടെ പൊരുൾ എന്ത്?

കുട്ടിക്കാലത്ത് ദിവാകരനിൽ നിന്നും ഇഷ്ടമല്ലാത്ത എന്തെങ്കിലും കാര്യങ്ങൾ ഉണ്ടായാൽപ്പോലും അവൾ പിണങ്ങിക്കരയുമായിരുന്നു.നളിനിക്ക് ദിവാകരനോടുള്ള സ്നേഹത്താലുള്ള ചപലതകളെ താൻ അന്നും ഇന്നും ഒരുപോലെയാണ് കാണുന്നതെന്ന് ദിവാകരൻ പറയുന്നു.വത്സലേ എന്നുള്ള ദിവാകരന്റെ സംബോധനയിൽനളിനിയോടുള്ള സ്നേഹവും വാത്സല്യവും

നിറഞ്ഞു നിൽക്കുന്നു.ദിവാകരൻ കടുത്ത വാക്കുകൾ കൊണ്ട് നളിനിയെ തളർത്തുന്നില്ല.നളിനിക്ക് തന്നോട് അപ്രിയം തോന്നാത്തവിധം ദിവാകരൻ കാര്യങ്ങൾ അവതരിപ്പിക്കുന്നു.നളിനിയെ അന്നും ഇന്നും താൻ ഒരുപോലെയാണ് കാണുന്നതെന്ന സൂചനയും ഈ വാക്കുകളിലുണ്ട്.

10."പോയതൊക്കെയഥവാ നമുക്കയേ
പ്രായവും സപദി മാറി കാര്യവും"
ആശയം വിശദമാക്കുക.

ദിവാകരനിലുണരുന്ന ഓർമ്മ അതിവിദഗ്ധമായി ആശാൻ ഇവിടെ അവതരിപ്പിക്കുന്നു.നളിനിയും അവളുടെ മറക്കാനാവാത്ത മധുരമായ ശബ്ദവും ദിവാകരന്റെ ഓർമ്മകളിലേക്കു
കടന്നുവരുന്നു.അന്നത്തെ വീടും പരസരവും എത്രയോ ദൂരത്തു നിന്നാണ് ദിവാകരന്റെ ഓർമയിലേത്തുന്നത്.കുട്ടിക്കാലത്ത് ബാലസഹജമായ സ്വാതന്ത്ര്യം നളിനിയോട് കാണിച്ചിട്ടുണ്ടാവാം.എന്നാൽ ബാല്യവും കൗമാരവും എന്നേ പിന്നിട്ടു.സന്യാസവൃത്തിയിൽ മനസ്സും ശരീരവും പൂർണമായി അർപ്പിച്ചു. ബ്രഹ്മചാരിയായ ദിവാകരന്റെ ജീവിതത്തിൽ ശൃംഗാരത്തിനു സ്ഥാനമില്ല. ഈശ്വരസാക്ഷാൽക്കാരമാണ് അയാളുടെ ലക്ഷ്യം.അതുകൊണ്ടുതന്നെ പ്രണയപരവശയായ നളിനിക്കു പകരം ഒരു തപസ്വിനിയെയാണ് ദിവാകരൻ തന്റെ മുന്നിൽ കണ്ടത്.തന്റെ ജീവിതലക്ഷ്യത്തിലുണ്ടായ മാറ്റം ദിവാകരൻ നളിനിയെ ബോധ്യപ്പെടുത്തുന്നു

12."പോയതൊക്കെയഥവാ നമുക്കയേ
പ്രായവും സപദി മാറി കാര്യവും"
ആയതത്വമറിവിന്നുമാർന്നു,-പോ-
ട്ടായതെന്തിവിടെ വാണിടുന്നു നീ".
ശ്ലോകത്തിന്റെ ആശയം വിശദമാക്കുക

കാലംകഴിയവേ ജീവിതാവസ്ഥകളും ചിന്തകളും മാറി.മോഹങ്ങളും സ്വപ്നങ്ങളും എല്ലാ ബന്ധങ്ങളും ഉപേക്ഷിച്ചു ദിവാകരൻ സന്യാസിയായി
മാറി.ശാരീരികമായും മാനസികമായും മാറി.
ജിവിതാനുഭവങ്ങൾക്കും അറിവിനും പക്വത
കൈവന്നു.ഇശ്വരസാക്ഷാത്കാരമാണ് ദിവാകരന്റെ ലക്ഷ്യം
ബാല്യവും കൗമാരവും പിന്നിടുമ്പോൾ ജീവിതലക്ഷ്യങ്ങളിൽ മാറ്റമുണ്ടാകും.."നീ എന്തിനാണിവിടെ വസിക്കുന്നത്?"എന്ന ചോദ്യം നളിനിയുടെ പ്രണയവും അന്വേഷണങ്ങളും ദിവാകരന് അറിയില്ല എന്ന സൂചന നൽകുന്നു.

13."ഓതുകിന്നതഥവാ വൃഥാ ശുഭേ
ഹേതു കേൾക്കുവതൊരർഥമേതിനോ
നീ തുനിഞ്ഞു - നിജകർമ്മനീതരാ-
യേതുമാർഗമിയലാ ശരീരികൾ"
ദിവാകരന്റെ വാക്കുകളുടെ പൊരുൾ എന്ത്?

"നീ എന്തിനിവിടെ വന്നു?" എന്ന ചോദ്യത്തിനുള്ള ഉത്തരവും അതിനുള്ള ന്യായവും ദിവാകരൻ സ്വയം കണ്ടെത്താൻ ശ്രമിക്കുന്നു."എന്താഗ്രഹ സാധ്യത്തിനാണ് നീ ഇവിടെ വന്നത്?ഒരുപക്ഷേ അതറിയുന്നതുകോണ്ടു പ്രയോജനമൊന്നും ഇല്ലായിരിക്കാം".ഓരോരുത്തരുംഅവരവരുടെ കർമ്മങ്ങളാൽ നയിക്കപ്പെട്ട് ഏതു രീതിയിലെങ്കിലും ലക്ഷ്യത്തിൽ എത്തിച്ചേരും.മനുഷ്യർ അവരവരുടെ കർമ്മഗതിയനുസരിച്ച് ജീവിക്കുന്നവരാണ് അതിന്റെ കാരണം അന്വേഷിക്കുന്നത് വെറുതെയാണെന്ന് ദിവാകരൻ വ്യക്തമാക്കുന്നു.ഇവിടെ വിധി സങ്കല്പം കടന്നുവരുന്നു.ദിവാകരനും വീടുവിട്ട് സന്ന്യാസത്തിനായി ഹിമവൽസാനുവിലെത്തി.അതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. കർമ്മഗതിയനുസരിച്ചാണ് ജീവിതം എന്നതിന്റെ തെളിവ് താൻകൂടിയാണെന്ന ദിവാകരന്റെ ചിന്ത ഇവിടെ കാണാം.

14."അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ".
ആശയം വിശദമാക്കുക

'നളിനിയി'ലെ നായകനായ
ദിവാകരന്റേതാണ് ഈ വാക്കുകൾ
വിവേകികൾ(തിരിച്ചറിവുള്ളവർ).സ്വന്തം ജീവിതം മറ്റുള്ളവർക്കുവേണ്ടി സമർപ്പിച്ച് ധന്യരാകും. 'സമർപ്പിക്കുന്നതാണ് ജീവിതത്തിന്റെ ധന്യത' എന്ന തത്വം ദിവാകരനിലൂടെ കവി ഇവിടെ അവതരിപ്പിക്കുന്നു.'പരോപകാരാർഥമിദം ശരീരം' എന്ന ആശയമാണ് ദിവാകരൻ വെളിപ്പെടുത്തുന്നത്.ദിവാകരന്റെ ഈ ആശയം ആശാന്റെ ജീവിതദർശനം കൂടിയാണ്.

15."കഷ്ടകാലമഖിലം കഴിഞ്ഞു ഹാ!
ദിഷ്ടമീ വടിവിയന്നു വന്നപോൽ
ദൃഷ്ടനായിഹ ഭവാൻ! ഭവാനുപ-
ണ്ടിഷ്ടയാം 'നളിനി'ഞാൻ മഹാമതേ!"

"കണ്ടുടൻ സ്വയമറിഞ്ഞിടാത്തതോർ-
ത്തിണ്ടൽ വേണ്ട സഖി!കേണിടേണ്ട കേൾ,
പണ്ടു നിന്നെയോരിളംകുരുന്നതായ്
കണ്ടു ഞാൻ,സപദി വല്ലിയായി നീ"

ഈ വരികളിലെ കാവ്യാത്മകമായ സവിശേഷതകൾ കണ്ടെത്തുക.

"ദ്വിതിയാക്ഷരപ്രാസം' ആശാൻ കവിതയുടെ മുഖമുദ്രയാണ്.
കഷ്ടം-ദിഷ്ടം,ദൃഷ്ടം-ഇഷ്ടം.ഇവിടെ 'ഷ്ട' എന്ന ശബ്ദത്തിന്റെ ആവർത്തനമാണ് ശബ്ദഭംഗി നൽകുന്നത്.രണ്ടാമതായി നൽകിയ ശ്ലോകത്തിൽ 'ട്ട', 'ണ്ട' എന്നീ വ്യഞ്ജനങ്ങളുടെ ആവർത്തനം കവിതയ്ക്ക് ശബ്ദഭംഗി നൽകുന്നു.

## 'അനുഭൂതികൾ ആവിഷ്കാരങ്ങൾ'
## Chapter:3
## 'കടൽത്തീരത്ത്'

1."വെള്ളായിയപ്പൻ യാത്ര പുറപ്പെടുമ്പോൾ വീട്ടിൽ നിന്നും കൂട്ട നിലവിളി ഉയർന്നു".
ഈ വാക്യം സൂചിപ്പിക്കുന്നത് എന്ത്?

വീട്ടിൽ നിന്നും ഉയർന്ന കൂട്ടനിലവിളി അതൊരു സാധാരണയാത്രയല്ല എന്ന സൂചന നൽകുന്നു.ദു:ഖകരമായ എന്തോ ഒന്ന് അതിലുണ്ട്.

2.'പിന്നിൽ നിലവിളി അകന്നു ശമിച്ചു' എന്ന പ്രയോഗം സൂചിപ്പിക്കുന്നത് എന്ത്?

വീട്ടിലെ നിലവിളി അവസാനിക്കുന്നില്ല. വെള്ളായിയപ്പൻ വീട്ടിലെ നിലവിളി കേൾക്കാവുന്നതിലും അപ്പുറത്തെത്തിയിരിക്കുന്നു.

3.'കണ്ണൂരിലേക്കുള്ള തീവണ്ടിയാത്ര 'പാഴുതറ' എന്ന ഗ്രാമത്തിനു വേണ്ടിയായിരുന്നു'.
ഈ വാക്യം കഥാസന്ദർഭത്തിനു നൽകുന്ന അർത്ഥസാധ്യതകൾ എന്തെല്ലാം?

വെള്ളായിയപ്പന്റെയും ഭാര്യയുടെയും വ്യക്തിപരമായ ദു:ഖങ്ങൾ ഗ്രാമത്തിന്റെ ദു:ഖമായി മാറുന്നു.കണ്ടുണ്ണി ഗ്രാമത്തിനു മുഴുവൻ പ്രിയപ്പെട്ടവനായിരുന്നു എന്നുള്ള സൂചനയും ഈ വാക്യം നൽകുന്നു.ഒരു ഗ്രാമം മുഴുവൻ പണമുണ്ടായിരുന്നെങ്കിൽ കണ്ണൂരിലേക്ക് പോകുമായിരുന്നു എന്നതിൽ അവരുടെ ദാരിദ്ര്യവും  പാഴുതറയിലെ അമ്പതിൽ ചില്ല്വാനം കുടിലുകളിലത്രയും ഈ വിഷാദവും സഹാനുഭൂതിയും നിറഞ്ഞു എന്നിടത്ത് ആ ഗ്രാമവാസികൾക്ക് കണ്ടുണ്ണിയോട് ഉണ്ടായിരുന്ന സ്നേഹവും വ്യക്തമാകുന്നു.

4."വെള്ളായിയേ"-മാപ്പിള പറഞ്ഞു.
"മരയ്ക്കാരേ"-വെള്ളായിയപ്പൻ പ്രതിവചിച്ചു.
അത്രമാത്രം. രണ്ടു വാക്കുകൾ, പേരുകൾ,എന്നാൽ ആ വാക്കുകളാൽ ദീർഘങ്ങളും സമ്പന്നങ്ങളുമായ സംഭാഷണ പരമ്പരകൾ അടങ്ങിയത് വെള്ളായിയപ്പനും കുട്ട്യസ്സൻ മാപ്പിളയും അറിഞ്ഞു.

ഈ വരികളിൽ തെളിയുന്ന കഥാകൃത്തിന്റെ ആഖ്യാനശൈലിയുടെ സവിശേഷതകൾ എന്തെല്ലാം?

ചുരുങ്ങിയ വാക്കുകളിൽ ഒരു വികാരപ്രപഞ്ചം ഒതുക്കിവെയ്ക്കാനുള്ള ഒ.വി.വിജയന്റെ ആഖ്യാനശൈലിക്ക്
ഉദാഹരണമാണിത്.ഹൃദയംകൊണ്ട് ഒന്നായ രണ്ടുപേരും  അവരുടെ അവസ്ഥകൾ തിരിച്ചറിയുന്നു.ഈ തിരിച്ചറിവ് കേവലം പേരുകൾ ചൊല്ലുമ്പോൾ തന്നെ കൈമാറ്റം ചെയ്യുന്നു.ഒ.വി.വിജയൻ കഥാപാത്രങ്ങളുടെ മൗനത്തിലൂടെ

വാചാലമായ അവസ്ഥ സൃഷ്ടിക്കുന്നു.മാന്ത്രികമായ വിജയന്റെ ഭാഷക്ക് ഉദാഹരണമാണിത്.

5."ചവിട്ടടിപ്പാതയ്ക്കിരുവശവും നിന്ന കരിമ്പനകളിൽ കാറ്റുപിടിച്ചു".
വാക്യം വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

കഥയുടെ പശ്ചാത്തലം ഒരു അനുഭവമായി മാറുകയാണിവിടെ.കാറ്റ് പറഞ്ഞ കഥയിലും ഒ.വി.വിജയന്റെ മറ്റു കഥകളിലും കാറ്റ് സവിശേഷ സാന്നിധ്യമാകുന്നു. പാലക്കാടൻ കാറ്റിന്റെ ഗതിവേഗങ്ങൾ അന്നാട്ടുകാർക്ക് സുപരിചിതമാണ് പ്രകൃതിയുടെ താളം വെള്ളായിയപ്പന്റെ ജീവിതത്തിന്റെ താളം കൂടിയാണ്. തനിക്ക് പരിചിതമായ കാറ്റ് തന്നിൽ നിന്നും അന്യമാകുന്നതുപോലെ വെള്ളായിയപ്പന് തോന്നുന്നു. വെള്ളായിയപ്പന്റെ മഹാസങ്കടമാണ് ഇവിടെ കാണുന്നത്.

6.'വീടാത്തകടങ്ങൾ പടച്ചവന്റെ സൂക്ഷിപ്പുകളാണ്'.
വാക്യം വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക

മനസ്സിൽ നന്മയുള്ളവർക്കേ കടം നൽകാൻ സാധിക്കുകയുള്ളൂ.എല്ലാവർക്കും കടം കൊടുക്കാൻ കഴിയില്ല.ജീവിതത്തിൽ വീട്ടാൻ പറ്റാത്ത ചില കടങ്ങളുണ്ടാകും.ചിലരുടെ പകരംവയ്ക്കാനാവാത്ത നന്മനിറഞ്ഞ പ്രവൃത്തികൾ വീടാത്ത കടങ്ങളായി അവശേഷിക്കും.അത് ദൈവത്തിന്റെ കൈയിലെ സൂക്ഷിപ്പായി മാറും.
വെള്ളായിയപ്പനെപ്പോലെ നിസ്സഹായനായ ഒരു മനുഷ്യനെയാണ് കുട്ട്യസൻ മാപ്പിള സഹായിച്ചത്.വെള്ളായിയപ്പന്റെ വീട്ടാത്തകടം പടച്ചവന്റെ കൈയിലെ നന്മയുടെ സൂക്ഷിപ്പായി മാറി.അതുകൊണ്ട് കുട്ട്യസൻ മാപ്പിളയ്ക്ക് ആ പണം കിട്ടാത്തതിൽ കുറ്റബോധമോ വേവലാതിയോ ഇല്ല.

7."പടച്ചവൻ തുണയ്ക്കട്ടെ,മുത്തുനബി തുണയ്ക്കട്ടെ, നിന്റെയും എന്റെയും ദൈവങ്ങൾ തുണയ്ക്കട്ടെ".
ഈ വാക്കുകളിൽ പ്രകടമാകുന്ന ആശയം എന്ത്?

വ്യത്യസ്തമായ വിശ്വാസം വച്ചുപുലർത്തുമ്പോഴും ദു:ഖമെന്ന വികാരം രണ്ടുമനുഷ്യരെ ഒന്നിപ്പിക്കുന്നു.അവിടെ മറ്റുള്ളവരുടെ ദു:ഖം തന്റെ ദു:ഖമായി മാറുന്നു.മതങ്ങൾ മാഞ്ഞുപോകുന്നു.

7."എന്റെ ഉള്ളു പൊട്ടുന്നു,എന്റെ പ്രാണൻ പറിയുന്നു"
സന്ദർഭത്തിന്റെ പ്രാധാന്യം വ്യക്തമാക്കുക

മകനെ അവസാനമായി ഒരു നോക്കുകാണാനുള്ള യാത്രയാണത്.വെള്ളായിയപ്പന്റെ നെഞ്ചുപൊട്ടിക്കുന്ന അനുഭവം വായനക്കാരന്റേതുകൂടിയായി മാറുന്നു.

8."പുഴയുടെ നടുക്കെത്തിയപ്പോൾ കുളിയുടെ അനുഭവം വെള്ളായിയപ്പനെ തളർത്തി".

പുഴയിലെ ഇളംചൂടുള്ള വെള്ളം വെള്ളായിയപ്പനെ ഓർമ്മപ്പെടുത്തിയത് എന്തെല്ലാം?

പുഴയിലെ ഇളംചൂടുള്ള വെള്ളം വെള്ളായിയപ്പനെ ഓർമ്മയിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നു.അച്ഛന്റെ ശവം പുഴയിൽ കുളിപ്പിച്ചത്,തന്റെ മകൻ കണ്ടുണ്ണിയെ കുളിപ്പിച്ചത്,ഇപ്പോൾ മകന്റെ ശവം ഏറ്റുവാങ്ങാൻ പോകുന്ന അവസ്ഥ ഇവയെല്ലാം വെള്ളായിയപ്പന് ദു:ഖവും സന്തോഷവും പകരുന്ന ഓർമ്മയായി മാറുന്നു.അച്ഛനെയും മകനെയും ബന്ധിപ്പിക്കുന്ന കുളി എന്ന അനുഭവത്തെ അച്ഛന് സംഭവിച്ചു കഴിഞ്ഞതിനെ മകന് സംഭവിക്കാൻ പോകുന്നതുമായി കൂട്ടിയിണക്കുന്നു.'ഇളംചൂട്'മകന് സംഭവിക്കാൻ പോകുന്ന മരണത്തെ സൂചിപ്പിക്കുന്നു.

പുഴ കാലമാകുന്ന മഹാനദിയുടെ പ്രതീകമാണ്.ജീവിതമാകുന്ന സഞ്ചാരം വെള്ളായിയപ്പനെ ജന്മജന്മാന്തരങ്ങളിലെ ഓർമ്മയിലേക്ക് നയിക്കുന്നു.ഒ.വി.വിജയന്റെ ദാർശനികമായ ഔന്നത്യം വെളിപ്പെടുന്ന കഥാസന്ദർഭമാണിത്.

9."പറമ്പിലെ മഞ്ഞപ്പുല്ലിലൂടെ ആരുടെയൊക്കെയോ ദു:ഖസഞ്ചാരങ്ങളുടെ തഴമ്പായി ചവിട്ടടിപ്പാത നീണ്ടുപോകുന്നു".
'ദു:ഖസഞ്ചാരങ്ങളുടെ തഴമ്പ്' എന്ന പ്രയോഗം നൽകുന്ന അർത്ഥസാധ്യതകൾ എന്തെല്ലാം?

വെള്ളായിയപ്പന്റെ ദു:ഖം മുഴുവൻ ഈ വാക്കുകളിൽ കാണാം.
സഞ്ചാരം എന്നത് ഒ.വി.വിജയന്റെ കൃതികളിലെ മുഖ്യസൂചനയാണ്.ഒ.വി.വിജയനെ സംബന്ധിച്ചിടത്തോളം ജീവിതം ഒരു യാത്രയാണ്.ഈ യാത്ര ഈ ജന്മത്തിന്റെയും ജന്മാന്തരങ്ങളുടെ യാത്രയായും എഴുത്തുകാരൻ കരുതുന്നു.
വഴി മാറ്റമില്ലാതെ കിടക്കുന്നു.ദു:ഖവുംപേറി അനേകം ആൾക്കാർ ആ ചവിട്ടടിപ്പാത പിന്നിട്ടുപോയിട്ടുണ്ട്.അതിന്റെ അടയാളമാണ് പറമ്പിലെ മഞ്ഞപ്പുല്ലിലെ ദു:ഖസഞ്ചാരങ്ങളുടെ തഴമ്പ്.മഞ്ഞനിറം വിഷാദത്തെ സൂചിപ്പിക്കുന്നു.
ദു:ഖസഞ്ചാരം എന്നത് ഒരോ ജീവകണത്തിന്റെയും ജന്മദു:ഖമായി ഇവിടെ പരിണമിക്കുന്നു.ജീവിതയാത്ര അവസാനമില്ലാത്തതാണ്.നീണ്ടുപോകുന്ന ചവിട്ടടിപ്പാതപോലെ ജീവിതദു:ഖങ്ങളും അവസാനിക്കുന്നില്ല.

10."രണ്ടു ചിത്രങ്ങൾ അവയ്ക്കിടയിൽ രണ്ടു പേരുകൾക്കിടയിലെന്നപോലെ എന്തിന്റെയോക്കെയോ നിറവ്"
രണ്ടു ചിത്രങ്ങൾ എന്ന പ്രയോഗത്തിലൂടെ തെളിയുന്ന ആശയങ്ങൾ എന്തെല്ലാം?

വെള്ളായിയപ്പന്റെ ഓർമ്മകളാണിത്.അസ്തമയത്തിലൂടെ പക്ഷികളെ നോക്കി അത്ഭുതപ്പെട്ട മകന്റെ ഓർമ്മകളും അസ്തമയത്തിലൂടെ പാടത്തിലേക്ക് ഇറങ്ങി നടന്ന അപ്പന്റെ ഓർമ്മകളും വെള്ളായിയപ്പനിൽ നിറയുന്നു.
ഇവയെല്ലാം അസ്തമയവുമായി ബന്ധപ്പെട്ടതാണ്.

അസ്തമയം അവസാനത്തെ സൂചിപ്പിക്കുന്നു.അസ്തമയം പോലെ മകന്റെ ജീവിതം അവസാനിക്കാൻ പോവുകയാണ്.അച്ഛൻ അസ്തമിച്ചു.മകൻ അസ്തമിക്കാൻ പോകുന്നു.
മരണമെന്ന ഒഴിവാക്കാനാകാത്ത യാഥാർത്ഥ്യത്തെ എഴുത്തുകാരൻ ഓർമ്മിപ്പിക്കുന്നു.മകന്റെ ശവം ഏറ്റുവാങ്ങാൻ പോകുന്ന അവസരത്തിൽ ഇത്തരം ഓർമ്മകൾ കഥാപാത്രത്തെ ഏറെ വൈകാരികമാക്കുന്നു.അത് കഥയെ ഭാവതീവ്രമാക്കുന്നു.

11."അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കണ്ഠത്തിൽ ചുറ്റിമുറുക്കി"
കഥാസന്ദർഭം നൽകുന്ന സൂചനകൾ എന്തെല്ലാം?

വെള്ളായിയപ്പന്റെ അസാധാരണമായ മാനസികാവസ്ഥ വെളിവാക്കുന്ന വാക്യമാണിത്.
മകന്റെ കഴുത്തിൽ കൊലക്കയറ് വീഴാൻ പോവുകയാണ്.ബാഹ്യലോകത്തുനിന്നും വെള്ളായിയപ്പന്റെ മനസ്സ് മാറുന്നു.
പാഴുതറയ്ക്കപ്പുറമുള്ള ലോകം വെള്ളായിയപ്പന് അപരിചിതമാണ്.ഗ്രാമവിശുദ്ധിയിൽ ജീവിച്ച വെള്ളായിയപ്പന് ഗ്രാമത്തിന് പുറത്ത് നിന്ന് കേൾക്കുന്ന ഒരോ ശബ്ദവും അപരിചിതമാണ്.അത് കൊലക്കയറായി വെള്ളായിയപ്പന് അനുഭവപ്പെടുന്നു.ഇതിന് വെള്ളായിയപ്പന്റെ അപ്പോഴുള്ള മാനസികാവസ്ഥയും കാരണമാണ്.
അതോടൊപ്പം ഗ്രാമ നഗര സംസ്കാരങ്ങൾ തമ്മിലുള്ള വ്യത്യാസവും ഇവിടെ കാണാം

12."ചവിട്ടടിപ്പാത വെട്ടുവഴിയിൽ ചേർന്നു.വെള്ളായിയപ്പൻ വെട്ടുവഴിയിലൂടെ നടന്നു.വെട്ടുവഴി പുഴയിലേക്കിറങ്ങി".
ഈ വാക്യത്തിന്റെ പ്രത്യേകത എന്ത്?

വെള്ളായിയപ്പനൊപ്പം പ്രകൃതിയും സഞ്ചരിക്കുന്നു.ഇവിടെ വാക്യങ്ങൾ ചലനാത്മകമാകുന്നു.

13.'ആകാശത്തിന്റെ ഇരുട്ടിൽ പുലരിയുടെ സൂചന'.
ഈ വാക്യത്തിൽ തെളിയുന്ന ആശയം എന്ത്?

വെള്ളായിയപ്പന്റെ മനസ്സിലെ ദു:ഖമാണ് ഇരുട്ട്.മനസ്സിൽ അവസാനംവരെ കെടാതെ കാത്തുസൂക്ഷിക്കുന്ന പ്രതീക്ഷയുടെ തിരിയാണ് പുലരി.

14."ഏതോ ശീലത്തിന്റെ സ്വാധീനത്തിൽ പാറാവുകാരൻ കടലാസ് നിവർത്തി നോക്കി.പാറാവുകാരന്റെ മുഖം പെട്ടെന്നുതന്നെ കനിവുറ്റതായി".
'കനിവുറ്റതായി' എന്ന പ്രയോഗം നൽകുന്ന സൂചനകൾ എന്തെല്ലാം?

ഒരു വ്യവസ്ഥയുടെ ഭാഗമായി ജോലി ചെയ്യുന്ന പാറാവുകാരൻ സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ പരുക്കനായി പോയിരിക്കാം.

വെള്ളായിയപ്പൻ ആരെന്ന് തിരിച്ചറിഞ്ഞപ്പോൾ പാറാവുകാരന്റെ ഭാവം മാറി.ഉള്ളിന്റെ ഉള്ളിൽ സഹജീവിസ്നേഹത്തിന്റെ ആർദ്രത ഏതൊരു മനുഷ്യനിലും കാണാം എന്ന് ധ്വനിപ്പിക്കുന്നതാണ് 'കനിവുറ്റതായി'എന്ന പ്രയോഗം.

15."കണ്ടുണ്ണി ശ്രവണത്തിനപ്പുറമുള്ള ഒരു സ്ഥായിയിൽ നിലവിളിച്ചു". ആശയം വ്യക്തമാക്കുക

ശബ്ദത്തിന്റെ ഒരു നിലയാണ് സ്ഥായി.
ശ്രവണത്തിനുമപ്പുറമുള്ള ശബ്ദം കേൾക്കാൻ കഴിയില്ല.
ശ്രവണത്തിനപ്പുറമുള്ള സ്ഥായിയായ ശബ്ദത്തിൽ കണ്ടുണ്ണിനിലവിളിച്ചു എന്നതിൽ കണ്ടുണ്ണിയുടെ ഉള്ളിലുള്ള തീരാസങ്കടത്തിന്റെ സൂചന നൽകുന്നു.

16."രണ്ടു വാക്കുകൾ മാത്രം. രണ്ടു വാക്കുകൾക്കിടയ്ക്ക് ദു:ഖത്തിൽ,മൗനത്തിൽ അച്ഛനും മകനും അറിവുകൾ കൈമാറി". വിശകലനക്കുറിപ്പ് തയാറാക്കുക

ജീവിതത്തിൽ ചില സന്ദർഭങ്ങളിൽ മൗനത്തിന് ഒരുപാട് അർത്ഥതലങ്ങൾ ഉണ്ടായിരിക്കും.ഭാഷയുടെ പ്രസക്തി നഷ്ടപ്പെടുന്ന അത്തരം സന്ദർഭങ്ങളിൽ മൗനത്തിലൂടെ വികാരം കൈമാറ്റം ചെയ്യപ്പെടുന്നു.തൂക്കിലേറ്റാൻ വിധിക്കപ്പെട്ടു കഴിയുന്ന ഒരു മകനെ അച്ഛൻ കാണുകയാണ്.അപ്പന്റെയും മകന്റെയും അവസാനത്തെ കൂടിക്കാഴ്ച. ആ അച്ഛന്റെയും മകന്റെയും മനസ്സിലെ സങ്കടങ്ങളെ ഭാഷയിലൂടെ വ്യക്തമാക്കാൻ കഴിയില്ല.

17."ഒരു പേറ്റിച്ചിയെപ്പോലെ തന്റെ മകന്റെ ദേഹത്തെ വെള്ളായിയപ്പൻ പാറാവുകാരിൽനിന്ന് ഏറ്റുവാങ്ങി".
വാക്യം വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

പണ്ടുകാലത്ത് വീട്ടിൽ വന്നു പ്രസവമെടുക്കുന്ന സ്ത്രീകൾ ഉണ്ടായിരുന്നു.അവരാണ് പേറ്റിച്ചികൾ.വളരെ ശ്രദ്ധയോടും കരുതലോടുമാണ് അവർ ഒരു കുഞ്ഞുജീവനെ കൈകളിൽ ഏറുവാങ്ങുന്നത്.ഇതേ ശ്രദ്ധയോടെ കരുതലോടെ വെള്ളായിയപ്പൻ മകന്റെ ശരീരം ഏറ്റുവാങ്ങുന്നു.പേറ്റിച്ചി ഏറ്റുവാങ്ങുന്ന കുഞ്ഞിന്റെ ശരീരത്തിൽ ജീവന്റെ തുടിപ്പുണ്ടാകും.വെള്ളായിയപ്പൻ ഏറ്റുവാങ്ങിയ മകന്റെ ശരീരത്തിൽ നിന്നും ജീവൻ പറന്നകന്നിരിക്കുന്നു. വെള്ളായിയപ്പന് മകനോടുള്ള അത്യധികമായ സ്നേഹവാത്സല്യങ്ങൾ പ്രകടമാകുന്ന സന്ദർഭമാണിത്.

18.പൊതിച്ചോറ് ബലിച്ചോറായ കഥയാണ് 'കടൽത്തീരത്ത്'.
വിശകലനം ചെയ്യുക

കഥയിൽ പൊതിച്ചോറ് കഥാപാത്രത്തിന്റെ സ്ഥാനം വഹിക്കുന്നു.വെള്ളായിയപ്പന് പാഥേയമായി കോടച്ചി നൽകിയ ചോറ്റുപൊതിയുടെ സാന്നിധ്യം കഥാന്ത്യംവരെ കാണാം.ചോറ്റുപൊതി കെട്ടിയപ്പോൾ കോടച്ചി വീഴ്ത്തിയ കണ്ണുനീരിന്റെ നനവ് കഞ്ഞിനനവായി

വെള്ളായിയപ്പന് അനുഭവിക്കുന്നു.യാത്രയിലുടനീളം തന്നോടൊപ്പമുണ്ടായിരുന്ന പൊതിച്ചോറ് വെള്ളായിയപ്പന്റെ കരുതൽ കൂടിയായിരുന്നു.വിശപ്പും ദാഹവുമുണ്ടായിട്ടും അനിയന്ത്രിതമായ ഏതോ നിയോഗത്താൽ കഴിക്കാതെ കരുതിവെച്ചിരുന്ന പൊതിച്ചോറ് മകനുള്ള ബലിച്ചോറായി  മാറുന്നു.മകന്റെ ശവദാഹത്തിനുശേഷം ബലിച്ചോറായി കാക്കകൾക്കു മുന്നിലെത്തുന്ന ഈ 'പാഥേയം' നിസ്സഹായന്റെ നിലവിളിയായി കഥാന്ത്യത്തിൽ മാറുന്നു.

8.കടൽത്തീരത്ത് എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക

വെള്ളായിയപ്പൻ കടൽത്തീരത്തെത്തി കൈയിലുള്ള പൊതിച്ചോറ് മകനുള്ള ബലിച്ചോറായി അർപ്പിക്കുന്നു.യാത്രയിൽ പലരേയും കണ്ടുമുട്ടുന്നെങ്കിലും വെള്ളായിയപ്പൻ കരയുന്നില്ല.വെള്ളായിയപ്പന്റെ മനസ്സിലുള്ള സങ്കടക്കടലാണത്.ആ കടൽത്തീരത്തു നിന്നാണ് അയാൾ മകന് ബലിയിടുന്നത്.

ജീവിതത്തിന്റെ പാഴുതറയിൽ നിന്നും അനന്തമായ കടലിന്റെ തീരത്ത് കഥ അവസാനിക്കുന്നു.അനന്തമായ കടൽപോലെ ജീവിതയാത്രകൾ അവസാനിക്കുന്നില്ല.തീരത്തണയും വരെ ദു:ഖവും പേറിയുള്ള യാത്ര തുടർന്നുകൊണ്ടിരിക്കും.

**<u>കഥാപാത്രങ്ങൾ-സവിശേഷതകൾ</u>**

**<u>വെള്ളായിയപ്പൻ</u>**

- കഥയിലെ കേന്ദ്രകഥാപാത്രം.
- വെള്ളായിയപ്പന്റെ ദു:ഖമാണ് കഥയിലെ പ്രമേയം.
- ഗ്രാമീണന്റേതായ പെരുമാറ്റം.
- പാഴുതറ എന്ന ഗ്രാമത്തിനപ്പുറമുള്ള ലോകം അപരിചിതം.
- ദാരിദ്ര്യത്താൽ നിസ്സഹായനായ മനുഷ്യൻ.
- മകനോടുള്ള അതിയായ സ്നേഹവാത്സല്യം.
- വികാരനിയന്ത്രണം.സങ്കടങ്ങളെ ഉള്ളിലൊതുക്കുന്നു.
- ജയിലിനു മുമ്പിലുള്ള അച്ഛന്റെ കാത്തിരിപ്പ്.
- ജയിലധികാരികളുടെ പെരുമാറ്റവും വെള്ളായിയപ്പന്റെ പ്രതികരണവും.
- ചേതനയറ്റ മകന്റെ മൃതദേഹം ഏറ്റുവാങ്ങുന്ന പിതാവ്.
- മൃതദേഹവുമായുള്ള യാത്ര.

**<u>തയാറാക്കിയത്,</u>**

**ആഷ.വി.റ്റി.,**
**ഗവ:ഹയർ സെക്കൻഡറി സ്കൂൾ,**
**അഞ്ചൽ.ഈസ്റ്റ്,**
**കൊല്ലം.**

**<u>എഡിറ്റിങ്,</u>**

**അഷിത.പി.**
**ഗവ:ഹയർ സെക്കൻഡറി സ്കൂൾ,**
**പുനലൂർ,**
**കൊല്ലം.**

,